നം.കെ.എസ്.എ-ഐ.ഡി.കെ.-4/49/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ-685584
ഇ-മെയിൽ-doidk.ksad@kerala.gov.in
തീയതി.05.08.2020

## സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## പ്രസിഡന്റ് (സെക്രട്ടറി മുഖേന)
## ഇടുക്കി ജില്ല പഞ്ചായത്ത്

സർ

വിഷയം : **ഇടുക്കി ജില്ലാ പഞ്ചായത്ത്**-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ഇടുക്കി ജില്ലാപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

## സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്‌ :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2) ഗവ. സെക്രട്ടറി, തസ്വഭവ., തിരുവനന്തപുരം
3) റീജിയണൽ പെർഫോമൻസ് ഓഡിറ്റർ, എറണാകുളം
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-4/49/2020 തീയതി:05.08.2020

# ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.02.2019മുതൽ 14.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ടി.എൽ.സാംകുട്ടി,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.07.2019 മുതൽ 27.07.2019 വരെയും<br>23.09.2019 മുതൽ 28.09.2019 വരെയും<br>16.10.2019 മുതൽ 21.10.2019 വരെയും<br>11.11.2019 മുതൽ 26.11.2019 വരെയും<br>05.12.2019 മുതൽ 24.12.2019 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ.മധുസൂദനൻ നായർ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. മേജോ.കെ.ജോർജ്ജ്, സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി, ഓഡിറ്റർ |
| | ശ്രീ. സാമുവൽ രാജ് ആർ, സീ.ഗ്രേ. ഓഡിറ്റർ<br>(11.11.2019 മുതൽ 26.11.2019 വരെയും<br>05.12.2019 മുതൽ 24.12.2019 വരെ) |
| | ശ്രീ. സജിമോൻ വി.ജി, ഓഡിറ്റ് ഓഫീസർ<br>(05.12.2019 മുതൽ 24.12.2019 വരെ) |
| | ശ്രീ. ബെന്നി മാത്യു, സീ. ഗ്രേ. ഓഡിറ്റർ<br>(05.12.2019 മുതൽ 24.12.2019 വരെ) |

## (ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| കുമാരി. കൊച്ചുത്രേസ്യ പൗലോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | |
| ശ്രീ. എം.കെ.റഷീദ് | 01.04.2018 മുതൽ 31.03.2019 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | |
| ശ്രീമതി. ജെസി ഇ. എസ് | 01.04.2018 മുതൽ 31.07.2018 വരെ |
| ശ്രീ. ആർ സജീഷ് | 01.08.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | |

| | |
|---|---|
| ശ്രീമതി. ജിജി തോമസ് | 01.04.2018 മുതൽ 31.08.2018 വരെ |
| ശ്രീമതി. ആൻസി കര്യൻ | 01.09.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, പൈനാവ് | |
| ഡോ. ആശ കെ ജോൺ | 01.04.2018 മുതൽ 31.07.2018 വരെ |
| ഡോ. മണികണ്ഠൻ എം | 01.08.2018 മുതൽ 31.03.2019 വരെ |
| ഡി.എം.ഒ, ആയുർവ്വേദം | |
| ഡോ. രാധാമണി സി | 01.04.2018 മുതൽ 31.05.2018 വരെ |
| ഡോ. ഉഷ കെ പുതുമന (അധിക ചുമതല) | 01.06.2018 മുതൽ 03.07.2018 വരെ |
| ഡോ. റോബർട്ട് രാജ് | 04.07.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ലാ ആശുപത്രി, തൊടുപുഴ | |
| ഡോ.ഉമാദേവി എം.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ല ആയുർവ്വേദ ആശുപത്രി, തൊടുപുഴ | |
| ഡോ.ആർ അനിൽകുമാർ | 01.04.2018 മുതൽ 26.05.2018 വരെ |
| ഡോ. എം.കെ.കുര്യൻ | 27.05.2018 മുതൽ 26.09.2018 വരെ |
| ഡോ. ഇ സോണിയ | 27.09.2018 മുതൽ 20.10.2018 വരെ |
| ഡോ. കെ ആർ സുരേഷ് | 21.10.2018 മുതൽ 16.11.2018 വരെ |
| ഡോ. ലാലി ജോൺ | 17.11.2018 മുതൽ 26.11.2018 വരെ |
| ഡോ. ഷീല മെൽബർട് ജി. വി | 27.11.2018 മുതൽ 20.01.2019 വരെ |
| ഡോ. എ ഷെരീഫ് അഹമ്മദ് | 21.01.2019 മുതൽ 28.02.2019 വരെ |
| ഡോ മാത്യൂസ് പി കുരുവിള | 01.03.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ല ആയുർവ്വേദ ആശുപത്രി, ഇടുക്കി | |
| ഡോ. ക്രിസ്റ്റി ജെ ഉണ്ടിപ്പറമ്പിൽ | 01.03.2018 മുതൽ 25.08.2018 വരെ |
| ഡോ. എൽസി സി വൈ | 26.08.2018 മുതൽ 28.11.2018 വരെ |
| ഡോ. ക്രിസ്റ്റി ജെ ഉണ്ടിപ്പറമ്പിൽ | 29.11.2018 മുതൽ 18.01.2019 വരെ |
| ഡോ. ജയസന്ധ്യ | 19.01.2019 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ല ഹോമിയോ ആശുപത്രി | |
| ഡോ. ഡോ.മണിയമ്മ എസ്.ജെ | 01.04.2018 മുതൽ 26.09.2018 വരെ |
| ഡോ. അമ്പിളി എൻ | 27.09.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണം | |
| ശ്രീ. ടി.എം. മുഹമ്മദ് ജാ | 01.04.2018 മുതൽ 31.05.2018 വരെ |
| ശ്രീ. സാജു സെബാസ്റ്റ്യൻ (അധികചുമതല) | 01.06.2018 മുതൽ 19.06.2018 വരെ |
| ശ്രീ. പി സുരേന്ദ്രൻ | 20.06.2018 മുതൽ 31.03.2019 വരെ |
| | |

| | |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം | |
| ശ്രീ. എ. അബൂബക്കർ | 01.04.2018 മുതൽ 01.08.2018 വരെ |
| ശ്രീ. എം. ബിജു ജെയിംസ് (അധിക ചുമതല) | 02.08.2018 മുതൽ 05.08.2018 വരെ |
| ശ്രീമതി. ദീപ മാർട്ടിൻ | 06.08.2018 മുതൽ 11.11.2018വരെ |
| ശ്രീ. ജെ ഹരികുമാർ (അധിക ചുമതല) | 12.11.2018 മുതൽ 19.12.2019 വരെ |
| ശ്രീമതി. പി കെ രാജശ്രീ | 20.122018 മുതൽ 31.032019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, ഡയറി | |
| ശ്രീമതി. ജെസി ചാക്കോ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | |
| ഡോ.ടി.ജി.ഉണ്ണികൃഷ്ണൻ | 01.04.2018 മുതൽ 09.10.2018 വരെ |
| ഡോ. ജിജിമോൻ ജോസഫ് | 10.10.2018 മുതൽ 14.10.2019 വരെ |
| ഡോ. വീണ മേരി എബ്രഹാം | 15.10.2018 മുതൽ 31.03.2019 വരെ |
| കുടുംബശ്രീ ജില്ല മിഷൻ കോ-ഓർഡിനേറ്റർ | |
| ശ്രീ. അജീഷ് ടി. ജി | 01.04.2018 മുതൽ 31.03.2019 വരെ |
| ജില്ല സാമൂഹ്യ നീതി ഓഫീസർ | |
| ശ്രീമതി. സോഫി ജേക്കബ് | 01.04.2018 മുതൽ 14.01.2019 വരെ |
| ശ്രീ. ജി ഗോപകുമാർ | 15.01.2019 മുതൽ 31.03.2019 വരെ |
| ജില്ല പട്ടികജാതി വികസന ഓഫീസർ | |
| ശ്രീമതി. അംബിക ഇ.എസ് | 01.04.2018 മുതൽ 16.08.2018 വരെ |
| ശ്രീ. ബാബു ടി വി (അധിക ചുമതല) | 16.08.2018 മുതൽ 22.08.2018 വരെ |
| ശ്രീ. രഘു ആർ | 23.08.2018 മുതൽ 31.03.2019 വരെ |
| പ്രോജക്ട് ഡയറക്ടർ,പട്ടികവർഗ്ഗ വികസനം | |
| ശ്രീമതി. ശ്രീരേഖ കെ എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, ജില്ല കൃഷി ഫാം | |
| ശ്രീമതി. റിലാമ്മ തോമസ് സി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | പുറ്റടി നെഹ്റു സ്മാരക സ്കൂൾ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മാണം –ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകി | 1-12 |
| 13 | വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് - ഒന്നാം ഡിവിഷൻ എസ്.സി ഓൾഡ് ഏജ് ഹോം പൂർത്തീകരണം | 1-13 |
| 14 | വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അറ്റകുറ്റപ്പണി- തുക അധികം നൽകിയത് – നഷ്ടം ₹24044/- | 1-14 |
| 15 | ജി.എച്ച്.എസ്.തങ്കമണി കെട്ടിട നിർമ്മാണം - പ്രവൃത്തി ചെയ്യാതെ പണം നൽകി -നഷ്ടം -14832 | 1-15 |
| 16 | മാർഗ്ഗരേഖകൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണങ്ങൾ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-16 |
| | മുരിക്കാശേരി പകൽവീട് നിർമ്മാണം – അപാകതകൾ | 1-16(1) |
| | ക്ഷീരവികസന സംഘങ്ങൾക്ക് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കെട്ടിടം പണിത് നൽകി | 1-16(2) |
| | അടിമാലി ഗ്രാമപഞ്ചായത്ത്-ചില്ലിത്തോട് യുവജന ക്ഷേമകേന്ദ്രം –സ്വകാര്യ ക്ലബ്ബിന് കെട്ടിടം പണിതു നൽകി. | 1-16(3) |
| | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് – വെള്ളക്കയം യുവജനക്ഷേമകേന്ദ്രം നിർമാണം-അപാകതകൾ | 1-16(4) |
| | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്- അരണക്കൽ പകൽ വീട് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-16(5) |
| | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്-ഗ്രാമ്പി ഒന്നാം ഡിവിഷൻ അങ്കണവാടി കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല. | 1-16(6) |
| | അടിമാലി ഗ്രാമപഞ്ചായത്ത്-ചില്ലിത്തോട് 60-ആം പടി എസ്.സി കോളനി അങ്കണവാടി – അപാകതകൾ | 1-16(7) |
| | ശാന്തിപ്പാലം പകൽവീട്-മൺതിട്ട ഇടിഞ്ഞ് വീണ് അപകടത്തിൽ | 1-16(8) |
| | രാജമുടി കാർഷിക വിപണന കേന്ദ്രം – അപാകതകൾ | 1-16(9) |

| | | |
|---|---|---|
| | കാരയൂർ വനിത കാർഷിക പരിശീലന കേന്ദ്രം – അപാകതകൾ | 1-16(10) |
| | അനുയോജ്യമല്ലാത്ത കെട്ടിട നിർമ്മാണങ്ങൾ | 1-16(11) |
| | പെരിഞ്ചാംകുട്ടി വനിത കമ്മ്യൂണിറ്റിഹാൾ | 1-16(12) |
| | വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് – കൗൺസലിംഗ് സെന്റർ നിഷ്ക്രിയ ആസ്തിയായി | 1-16(13) |
| | ചെല്ലാർകോവിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ- അനുയോജ്യത നിർണയിക്കാതെ പദ്ധതി ആവിഷ്കരിച്ചു | 1-16(14) |
| 17 | ജലസേചന, കുടിവെള്ള പദ്ധതികൾ-മാർഗരേഖകൾ പാലിക്കാത്തതിനാൽ ലക്ഷങ്ങളുടെ പാഴ്ച്ചെലവ് | 1-17 |
| | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് പീച്ചാട്, പ്ലാമല പാടശേഖരം കനാലുകൾ -ലക്ഷ്യം കൈവരിച്ചില്ല. | 1-17(1) |
| | പള്ളിവാസൽ ഗ്രാമപഞ്ചായത്ത് തോക്കുപാറ – കട്ടിപ്പടി തടയണ – ഉപകാരപ്രദമല്ലാത്ത പദ്ധതി | 1-17(2) |
| | പള്ളിവാസൽ ഗ്രാമപഞ്ചായത്ത്-തോക്കുപാറ സൗഹൃദഗിരി കുടിവെള്ള പദ്ധതി | 1-17(3) |
| 18 | റോഡ് നിർമ്മാണം – ലക്ഷ്യം കൈവരിക്കാത്തതിനാൽ ലക്ഷങ്ങളുടെ പാഴ്ച്ചെലവ് | 1-18 |
| | റോഡ് നിർമ്മാണം – പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി | 1-18(1) |
| | അടിമാലി ഗ്രാമപഞ്ചായത്ത് - ഈസ്റ്റേൺ മണൽപ്പടി കലുങ്ക് – അപ്രോച്ച് റോഡ് നിർമ്മിച്ചില്ല | 1-18(2) |
| | അടിമാലി ഗ്രാമ പഞ്ചായത്ത് - കട്ടമുടി എസ് ടി കോളനി റോഡ് കോൺക്രീറ്റിംഗ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-18(3) |
| | കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല. | 1-18(4) |
| 19 | മാതൃവന്ദനം-ലക്ഷ്യബോധമില്ലാതെ പദ്ധതി ആസൂത്രണം ചെയ്യുന്നു | 1-19 |
| 20 | ജവഹർ ഭവനപദ്ധതി - രേഖകൾ സൂക്ഷിക്കാതെ കോടികൾ പലിശ ഒടുക്കുന്നു. | 1-20 |
| 21 | വൈദ്യുതീകരണത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല - ചെലവ് തടസ്സം. | 1-21 |
| 22 | ലൈഫ് മിഷൻ പദ്ധതിയ്ക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല -ചെലവു തടസ്സം. | 1-22 |
| | | |

| | | |
|---|---|---|
| 23 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ-പദ്ധതി ചെലവ് 18 ശതമാനം മാത്രം | 1-23 |
| 24 | മൃഗ സംരക്ഷണ മേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ തുടർച്ചയായി പരാജയപ്പെടുന്നു. | 1-24 |
| 25 | വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല. | 1-25 |
| 26 | വിദ്യാലയങ്ങളിലെ മരാമത്ത് പ്രവർത്തികൾ വിഭജിച്ച് നടത്തുന്നു. | 1-26 |
| 27 | വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം | 1-27 |
| II | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| III | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | പുറ്റടി നെഹ്റു സ്മാരക സ്കൂൾ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മാണം.-അധിക തുക നല്കി | 3-1 |
| 29 | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്- ഒന്നാം ഡിവിഷൻ എസ് സി ഓൾഡ് ഏജ് ഹോം പൂർത്തീകരണം-ചെയ്യാത്ത പ്രവർത്തികൾ അളവ്ബുക്കിൽ രേഖപ്പെടുത്തി | 3-2 |
| 30 | ജി.എച്ച്.എസ് തങ്കമണി-നടത്താത്ത പ്രവൃത്തിക്ക് തുക അനുവദിച്ച് നൽകി-നഷ്ടം | 3-3 |
| 31 | വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അറ്റകുറ്റപ്പണി-തുക അധികം നൽകിയത് -നഷ്ടം | 3-4 |
| 32 | മുരിക്കാശേരി പകൽവീട് നിർമാണം-സാമ്പത്തിക അച്ചടക്കം പാലിക്കാതെയുള്ള ധനവിനിയോഗം | 3-5 |
| 33 | പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു. ടെണ്ടർ നടപടികൾ ഒഴിവാക്കി ടാറിംഗ് പ്രവർത്തി കോൺക്രീറ്റിഗ് ആക്കി മാറ്റി | 3-6 |
| IV | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 34 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 35 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 38 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| | | |

| | | |
|---|---|---|
| 39 | സ്ഥിര നിക്ഷേപം | 4-6 |
| 40 | ഓഡിറ്റ് റിക്കവറി | 4-7 |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| V | അനുബന്ധം | |
| 45 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 46 | ഓഡിറ്റഡ് അബ്സ്ട്രാക്ട് | അനുബന്ധം-2 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

23.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ₹105.33 കോടിയും ചെലവ് 113.19 കോടിയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 91512250 |
| വരവ് | 768713835 |
| ആകെ | 860226085 |
| ചെലവ് | 779948096 |
| നീക്കിയിരിപ്പ് | 80277989 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 422340480 | 422340480 | 325135764 | 97204716 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 119373000 | 119373000 | 75393850 | 43979150 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 43699000 | 43699000 | 43699000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 208686000 | 208686000 | 152299245 | 56386755 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 72131000 | 72131000 | 43186827 | 28944173 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.എസ്.എ | 4821689 | 179892 | 5001581 | 2902063 | 2099518 |
| ആർ.എം.എസ്.എ | 3643814 | 32795414 | 36439228 | 0 | 36439228 |
| ആർ.ജി.പി.എസ്.എ | 1200000 | 0 | 1200000 | 0 | 1200000 |
| സ്കോളർഷിപ്പ് | 10000 | 0 | 10000 | 0 | 10000 |
| എൻ.ആർ.എച്ച്.എം | 350000 | 0 | 350000 | 0 | 350000 |
| കേരളോത്സവം | 36157 | 1405 | 37562 | 0 | 37562 |
| ആയുർവേദവകുപ്പ് | 2360372 | 800000 | 3160372 | 0 | 3160372 |
| മറ്റിനം | 830351 | 13648000 | 14478351 | 13648000 | 830351 |
| നബാർഡ് | 490612 | 6789018 | 7279630 | 0 | 7279630 |
| ഗ്രാമപഞ്ചായത്ത് | 4220091 | 156496 | 4376587 | 400000 | 3976587 |
| ഗുണഭോക്തൃവിഹിതം | 84650 | 0 | 84650 | 0 | 84650 |
| മറ്റിനം | 5479663 | 0 | 5479663 | 0 | 5479663 |
| വെള്ളപ്പൊക്കം | 0 | 23173 | 23173 | 0 | 23173 |
| ഗ്രാമപഞ്ചായത്ത് | 300000 | 0 | 300000 | 300000 | 0 |
| മറ്റ് സ്കീമുകൾ | 0 | 1812000 | 1812000 | 1812000 | 0 |
| പൊതു ഉദേശ്യ ഗ്രാന്റ് | 0 | 30613392 | 30613392 | 30613392 | 0 |
| ബാങ്ക്/ട്രഷറി ആക്കൗണ്ടുകൾ | | | | | |
| എസ്.ബി.ടി-തനത് | 32985818 | 13838054 | 46823872 | 4358385 | 42465487 |
| ട്രഷറി | 44983708 | 42743767 | 87727475 | 66791122 | 20936353 |
| യു.ബി.ഐ-എ.ബി.സി | 4220091 | 156496 | 4376587 | 400000 | 3976587 |
| എസ്.ബി.ടി-കേരളോത്സവം | 36157 | 1405 | 37562 | 0 | 37562 |
| എസ്.ബി.ടി-ആർ.എം.എസ്.എ | 1401 | 42 | 1443 | 1443 | 0 |
| യു.ബി.ഐ-ആർ.എം.എസ്.എ | 3642413 | 61163062 | 64805475 | 61654004 | 3151471 |
| ഐ.ഡി.സി.ബി-ഇ.എം.എസ് | 322021 | 0 | 322021 | 0 | 322021 |
| ഐ.ഡി.സി.ബി-വിദ്യാഭ്യാസം | 500 | 0 | 500 | 500 | 0 |
| ട്രഷറി-നബാർഡ് | 490612 | 136570000 | 137060612 | 129780982 | 7279630 |
| യു.ബി.ഐ-എസ്.എസ്.എ | 4821689 | 182631 | 5004320 | 2904802 | 2099518 |
| പണം | 7840 | 0 | 0 | 0 | 9360 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1045 | 1551211019 | 492 | 688449427 | - | 553 | 52.91 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2019 ന് ജില്ല പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എല്ലാ മാസവും മുൻ മാസത്തെ വരവ് ചെലവുകൾ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. വാർഷിക പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിലും ആസൂത്രണത്തിലും ക്രിയത്മകമായി ഇടപെട്ടിട്ടില്ല.

ആസ്തി രജിസ്റ്റർ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ തൃപ്തികരമായി പരിപാലിക്കുന്നില്ല. ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.06.2018 | 2017-18 | 01.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഗസ്റ്റ് 2019 | 2017-18 & 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1. വാടക ഇനത്തിലെ തുകകൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ്ഷീറ്റ് ₹ |
|---|---|---|---|
| വാടക രജിസ്റ്റർ പ്രകാരം | 606642 | 596989 | 9653 |
| വാർഷിക കണക്കുകൾ പ്രകാരം | 585642 | 545815 | 39827 |

2. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

3. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഐ-17(എ)ൽ ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടു ത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

6. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ ബി-17 പ്രകാരമുള്ള നീക്കിയിരിപ്പിൽ ഏത് അക്കൗണ്ടിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമല്ല.

## 1-12 പുററ്റടി നെഹ്റു സ്മാരക സ്കൂൾ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മാണം- ചെയ്യാത്ത പ്രവൃത്തിക്ക് പണം നൽകി.നഷ്ടം-₹43907/-



| | |
|---|---|
| പ്രോജക്ട് നമ്പർ | 1316/18 |
| അടങ്കൽ | 15 ലക്ഷം |
| ബിൽ നം | 300/AEE/ 20.03.19 ₹1393148/- |
| എം.ബുക്ക് നമ്പർ | 2188/18-19 |
| കൺവീനർ | ശ്രീ.ടി.വി എബ്രാഹം |

വണ്ടന്മേട് ഗ്രാമപഞ്ചായത്തിലെ പുറ്റടി നെഹ്റു സ്മാരക സ്കൂളിൽ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്.ടെണ്ടറിലൂടെ നിർവ്വഹണം നടത്തുവാൻ ആവിഷ്കരിച്ച പദ്ധതി പിന്നീട് ഗുണഭോക്തൃസമതിവഴി നിർവ്വഹണം നടത്തുവാൻ തീരുമാനിക്കുകയായിരുന്നു.നിലവിലുള്ള കെട്ടിടത്തിന്റെ ഒരു വശത്തുകൂടി സ്റ്റെയർകെയ്സ് പണിത് മുകളിൽ കൗൺസിലിംഗ് സെന്റർ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ്. കെട്ടിടം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ ചെയ്യാത്ത ഇനങ്ങൾ അളവു ബുക്കിൽ രേഖപ്പെടുത്തി കരാറുകാരന് ₹43907/-അധികം നൽകിയതായി വ്യക്തമായി. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിരിക്കുന്നു.

## 1-13 വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്-ഒന്നാം ഡിവിഷൻ എസ് സി ഓൾഡ് ഏജ് ഹോം പൂർത്തീകരണം- സെപ്ടിക് ടാങ്കും വാട്ടർ ടാങ്കും സ്ഥാപിക്കാതെ കരാറുകാരന് പണം നൽകി - നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 945/19 |
| അടങ്കൽ | ₹ 7ലക്ഷം |
| അളവു ബുക്ക് നമ്പർ | 597/18-19 |
| ബിൽ നമ്പർ | 138/29.3.19 ₹395507/- |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

2016-17 ൽ ₹15 ലക്ഷം ചെലവഴിച്ച ഓൾഡ് ഏജ് ഹോം എന്ന പേരിൽ പകൽ വീടിനായി നിർമിച്ച കെട്ടിടത്തിന്റെ പൂർത്തീകരണമാണ് 2018-

2019 വർഷം നടത്തിയിരിക്കുന്നത്. കെട്ടിടം നിലവിലും ഉപയോഗ യോഗ്യമായിട്ടില്ല. വൈദ്യുതി, വെള്ളം മുതലായവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി തയ്യാറാക്കണമെന്ന് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018 തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായി ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെയുള്ള പ്രവൃത്തികൾ ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. അളവു ബുക്ക് പ്രകാരം പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന ചില ഇനങ്ങൾ യഥാർത്ഥത്തിൽ ചെയ്യാതെ കരാറുകാരന് പണം നൽകിയതായി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. സെപ്റ്റിക് ടാങ്കും വാട്ടർ ടാങ്കും സ്ഥാപിക്കാതെ കരാറുകാരന് പണം നൽകിയതു മൂലം ₹57556/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ നിരാകരിച്ചത് ഒഴിച്ചുള്ള ₹337951/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓൾഡ് ഏജ് ഹോമിന്റെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി, ഫർണിച്ചർ തുടങ്ങിയവയൊന്നും പദ്ധതിയിൽ ആവിഷ്കരിച്ചിട്ടില്ല. ഇതിന്റെ തുടർ നടത്തിപ്പിനെ സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിക്കാതെ ഒരു കെട്ടിട നിർമ്മാണം മാത്രമായി പദ്ധതി അവശേഷിച്ചു (വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിരിക്കുന്നു.) നഷ്ട തുക അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-14 വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അറ്റകുറ്റപ്പണി- ₹24044 അധികം നൽകി.

വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിക്ക് ₹488600/- ചെലവ് വന്നിട്ടുണ്ട്.അളവ് ബുക്കിലെ ആകെ പ്രവൃത്തി മൂല്യം തെറ്റായി കണക്കാക്കി ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ട തുക (5.5%)കുറവ് ചെയ്യാതിരുന്നതിനാൽ കൺവീനർക്ക് ₹24044/- അധികം നൽകിയിരിക്കുന്നു. (വിശദാംശങ്ങൾ ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.)

## 1-15 ജി.എച്ച്.എസ്.തങ്കമണി കെട്ടിട നിർമ്മാണം - പ്രവൃത്തി ചെയ്യാതെ പണം നൽകി - നഷ്ടം ₹14832

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനിയർ |
| പ്രോജക്ട് നമ്പർ | 990/2018-19-RMSA |
| കൺവീനർ | ശ്രീ.കെ.വി.സെബാസ്റ്റ്യൻ |
| അളവു പുസ്തകം | 50/15-16<br>51/15-16 |
| ചെക്ക് നമ്പർ/തുക | 10002917/13.03.2019,<br>₹1624545/- |
| അടങ്കൽ തുക | ₹ 70,00000/- |

RMSA ഫണ്ട് ഉപയോഗിച്ച് ജി.എച്ച്.എസ്.തങ്കമണി കെട്ടിട നിർമ്മാണത്തിനായി -(എസ് 990/2018-19-RMSA) 2014-15 വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ ബഹുവർഷ പദ്ധതിയ്ക്കായി തൻവർഷം RMSA ഫണ്ടിൽ നിന്നും ₹1624545/- നൽകിയിട്ടുണ്ട്. കെട്ടിടം പഞ്ചായത്തിലെ എ.ഇ.യുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ എം.ബുക്ക് /നം.51/15-16 പേജ് നം. 1ലെ ഇനം നം.16 Providing and fixing PVC door shutters for toilet (4 shutters-m book no 50/15-16 page 23) എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പ്രസ്തുത പ്രവൃത്തിക്കായി ₹14832/- നൽകിയിട്ടുണ്ട് (5.32 x2788=14832.16) നടത്താത്ത പ്രവൃത്തിയ്ക്ക് അനുവദിച്ച് നൽകിയ തുക ₹14832/- ഉത്തരവാദികളായ അസി.എൻജിനിയർ, അസി.എക്സികൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. (വിശദാംശങ്ങൾ 3-3ഖണ്ഡികയിൽ)

## 1-16 മാർഗ്ഗരേഖകൾ പാലിക്കാതെയുള്ള കെട്ടിട നിർമ്മാണങ്ങൾ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സ്കൂളുകൾ, അങ്കണവാടികൾ, പാൽ സംഭരണ കേന്ദ്രങ്ങൾ, യുവജന ക്ലബുകൾ, തുടങ്ങിയവയ്ക്കായി കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖകൾ പാലിക്കാത്തതിനാൽ പല പദ്ധതികളും ലക്ഷ്യം കൈവരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### (1) മുരിക്കാശേരി പകൽവീട് പൂർത്തീകരണം - സ്വകാര്യ വ്യക്തിക്ക് ലക്ഷങ്ങൾ മുടക്കി കെട്ടിടം പണിതു നൽകുന്നു.

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പടമുഖത്ത് പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്നേഹമന്ദിരം എന്ന മാനസിക ആരോഗ്യകേന്ദ്രത്തിന്റെ സ്ഥലത്ത് പകൽവീട് (351/2019) നിർമ്മിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | ബിൽ വിവരങ്ങൾ | അഭിപ്രായം |
|---|---|---|---|---|
| 1 | സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കൽ | ₹75 000 | 257/24.11.2018 | |
| 2 | പൈലിംഗ് | ₹2175000 | ക്യൂ ബിൽ 160/05.4.2019 | 21.3.2019ൽ ബിൽ സമർപ്പിച്ചു. |
| 3 | പൈലിംഗ് | ₹2081343 | 328/29.7.19 | 2019-2020 |
| | ആകെ | ₹4331343 | | |

ആകെ 90 ലക്ഷം രൂപയുടെ അടങ്കലിലാണ് കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 2018-19 ൽ സ്ട്രക്ചറൽ ഡിസൈൻ നടത്തിയതിന് ₹75000/- ചെലവഴിച്ചിട്ടുണ്ട്. 2018-2019, 2019-2020 വർഷങ്ങളിൽ പൈലിംഗ് നടത്തിയതിന് ₹4256343/-യും ചെലവഴിച്ചിട്ടുണ്ട്. 2012-ലെ കേരള പൊതുമരാമത്ത് മാനുവലിലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് 45 ലക്ഷം രൂപ മുടക്കി പൈലിംഗ് നടത്തിയിട്ടുള്ളത്. 120 ച.മി വിസ്തൃതിയുള്ള ചെറിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിനാണ് 45 ലക്ഷം രൂപയുടെ പൈലിംഗ് പ്രവർത്തി നടത്തിയിട്ടുള്ളത് . സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് കെട്ടിടം പണിയുന്നതിനുള്ള സ്ഥലം മാത്രമാണ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. കെട്ടിത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള വഴി സ്വകാര്യ ഉടമസ്ഥതയിൽ തന്നെയാണ് സ്ഥിതി ചെയ്യുന്നത്. സ്വകാര്യ വ്യകതി നടത്തുന്ന മാനസിക രോഗികൾക്കുള്ള പുനരധിവാസ കേന്ദ്രത്തോട് ചേർന്നാണ് പകൽ വീട് നിർമ്മിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.19/20.12.2019 ന് മറുപടി ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-5 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### (2) ക്ഷീരവികസന സംഘങ്ങൾക്ക് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കെട്ടിടം പണിത് നൽകി



സ.ഉ (കൈ) നം.22/18/തസ്വഭവ തീ.14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം ബാങ്ക് വായ്പ ഉപയോഗിച്ച് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന ക്ഷീരസംഘങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി പാൽ ശേഖരിക്കുന്ന മുറികൾ പണിയുന്നതിന് ചെലവിന്റെ 50% (പരമാവധി 1ലക്ഷം രൂപ) ബാക്ക് എൻഡ് സബ്സിഡി നൽകുവാനാണ് അനുവദിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ 3 ആപ്കോസ് സംഘങ്ങൾക്ക് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നേരിട്ട് കെട്ടിടങ്ങൾ പണിത് നൽകിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | സംഘത്തിന്റെ പേര് | പ്രോജക്ട് നം/ എം ബുക്ക് നം. | ബിൽനം./ തീയതി | ചെലവ് ₹ |
|---|---|---|---|---|
| 1 | അടിമാലി ഗ്രാമപഞ്ചായത്ത് ഇരുമ്പുപാലം ക്ഷീര സഹകരണസംഘം | 319/19/ 1014/17-18 | 178/11.12.2018 | 1223741 |
| 2 | അടിമാലി ഗ്രാമപഞ്ചായത്ത് പടിക്കപ്പ് ക്ഷീര സഹകരണസംഘം | 695/19 1044/17-18 | 272/28.2.2019 | 555084 |
| 3 | വാത്തിക്കുടി ഗ്രാമപഞ്ചായത്ത് മുരിക്കാശ്ശേരി ക്ഷീര വിജ്ഞാനകേന്ദ്രം | 1242/19 666/17-18 | 11/25.5.2018 | 379915 |
| | | | ആകെ | 2158740 |

പല മുറികളായി പണിതിരിക്കുന്ന കെട്ടിടങ്ങളിൽ ക്ഷീരസംഘങ്ങളുടെ ഓഫീസ്, ഗോഡൗൺ, യോഗം നടത്തുന്നതിനുള്ള ഹാൾ, വാടകയ്ക്ക് കൊടുക്കുന്നതിനുള്ള മുറികൾ എന്നിവയാണ്. പാൽശേഖരണ മുറിയുടെ മറവിൽ വലിയ കെട്ടിടങ്ങൾ മറ്റാവശ്യങ്ങൾക്കായി പണിതിരിക്കുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ക്ഷീര സഹകരണസംഘങ്ങൾക്ക് കെട്ടിടം പണിയുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും സബ്സിഡി നൽകുന്നതിന് വ്യക്തമായ മാർഗനിർദേശം ഉണ്ടായിരിക്കെ മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പുംപദ്ധതി മോണിറ്ററിംഗ് നടത്തുവാൻ ബാദ്ധ്യസ്ഥമായ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പദ്ധതിക്ക് ഭരണാനുമതി നൽകിയ പഞ്ചായത്ത് ഭരണസമിതിയും സർക്കാർ ഉത്തരവുകൾ പാലിക്കാതെയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത് .സബ്സിഡി മാർഗരേഖ ലംഘിച്ച് ₹2158740/- യുട ചെലവ് തടസ്സപ്പെടുത്തുന്നു.

## (3) <u>അടിമാലി ഗ്രാമപഞ്ചായത്ത്-ചില്ലിത്തോട് യുവജന ക്ഷേമകേന്ദ്രം സ്വകാര്യ ക്ലബ്ബിന് കെട്ടിടം പണിതു നൽകി.</u>

| | |
|---|---|
| പ്രോജ.നം. | 872/19 (എസ് സി പി) |
| എം. ബുക്ക് നം. | 1002/17-18 |
| അടങ്കൽ | 15 ലക്ഷം |
| ബിൽ നം. | 184/1.12.18 ₹9,96,394/- |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

നളന്ദ ക്ലബ് & ലൈബ്രറി എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള 2.50 സെന്റ് സ്ഥലത്താണ് ₹15 ലക്ഷം അടങ്കലിൽ ജില്ലാ പഞ്ചായത്ത് പണികൾ നടത്തിയത്. 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം ജില്ലാ ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടങ്ങൾ പണിത് കൊടുക്കുവാൻ മാത്രമേ ജില്ലാ പഞ്ചായത്തിന് അനുവാദമുള്ളൂ. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ് ലൈബ്രറി ആയി പ്രവർത്തിക്കുകയോ ജില്ലാ ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പിനു കീഴിലുള്ള 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ വിവരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ യുവജനക്ഷേമകേന്ദ്രങ്ങളുടെ നിർമാണം ഉൾപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.12.2017-ലെ ജി.ഒ.(ആർടി) 4112/2017 പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയോടെ എസ് സി പി/ ടി എസ് പി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ യുവജന ക്ഷേമകേന്ദ്രങ്ങളുടെ നിർമാണം നടപ്പാക്കാൻ അനുവദിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ലഭിച്ചതായി കാണുന്നില്ല. മാത്രമല്ല പ്രസ്തുത ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം കോളനി നിവാസികളുടെ സമ്മതപത്രം പ്രകാരമല്ല കെട്ടിടം നിർമിച്ചിരിക്കുന്നത്. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ക്ലബ്ബിന്റെ മുകൾ നിലയിൽ കൂട്ടിച്ചേർക്കൽ നടത്തുകയാണ് ചെയ്തത്. ക്ലബ്ബിന്റെ യോഗങ്ങൾ ചേരുന്നതിനു മാത്രമാണ് ഈ കെട്ടിടം ഉപയോഗിക്കുന്നത്.

29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.1ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പട്ടികജാതി

ഉപപദ്ധതി നടപ്പാക്കുന്നതിന് അനിവാര്യമായി പാലിക്കേണ്ട നിബന്ധനകൾ ഒന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല. പട്ടികജാതി വിഭാഗക്കാരുടെ ശതമാനം തെളിയിക്കുന്നതിനായി പ്രദേശത്തിന്റെ സാമൂഹ്യ ഭൂപടവും ഗുണഭോക്തൃ കുടുബങ്ങളുടെ പട്ടികയും തയ്യാറാക്കി പട്ടികജാതി വികസന ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനകാര്യം തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി മോണിറ്റിംഗ് നടത്തുവാൻ ചുമതലപ്പെട്ട വികസന സ്റ്റാന്റിംഗ് കമ്മറ്റിയും നിർമാണ പ്രവർത്തനങ്ങളുടെ നിർവഹണത്തിൽ മുഖ്യ പങ്കു വഹിക്കേണ്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയും പദ്ധതിക്ക് ഭരണാനുമതി നൽകിയ ജനറൽ കമ്മറ്റിയും സർക്കാർ ഉത്തരവ് അനുസരിക്കുന്നതിൽ നിഷ്കർഷ പുലർത്തിയിട്ടില്ല. ₹996394/- മുടക്കി സ്വകാര്യ ക്ലബ്ബിന് കെട്ടിടം പണിത് നൽകിയത് പദ്ധതി മാർഗരേഖയുടെയും പഞ്ചായത്ത് രാജ് നിയമത്തിന്റെയും ലംഘനമാണ്.വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ജനറൽ കമ്മറ്റിയും പദ്ധതി രൂപീകരണത്തിന്റെയും നിർവഹണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ നിർവഹിക്കേണ്ട ചുമതലകളെക്കുറിച്ച് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പദ്ധതി മാർഗ്ഗരേഖയ്ക്കും കേരള പഞ്ചായത്ത് രാജ് നിയമത്തിനും വിരുദ്ധമായി പദ്ധതി ആവിഷ്കരിച്ചതിനാൽ ₹9,96,394/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/20.12.2019 ന് മറുപടി ലഭ്യമായിട്ടില്ല.

(4) <u>വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് – വെള്ളക്കയം യുവജന ക്ഷേമകേന്ദ്രം മാർഗരേഖക്ക് വിരുദ്ധമായ പദ്ധതി.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 1168/2019(ടി എസ് പി) |
| അടങ്കൽ | 10 ലക്ഷം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| നമ്പർ | 40/31.07.2018₹ 848268/- |

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ സങ്കേതമായ വെള്ളക്കയത്ത് യുവജനക്ഷേമകേന്ദ്രം നിർമ്മിക്കുന്നതിനാണ് പ്രസ്തുത പ്രോജക്ട്. ഇതിനായി സമ്മതപത്ര പ്രകാരം വിട്ടുകിട്ടിയ നാല് സെന്റ് സ്ഥലത്ത് കെട്ടിടനിർമ്മാണം നടക്കുകയാണ്. പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പിനു കീഴിലുള്ള 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തിന്റെ പൊതുവും മേഖലാപരവുമായ ചുമതലകൾ വിവരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ യുവജനക്ഷേമകേന്ദ്രങ്ങളുടെ നിർമാണം/ സംരക്ഷണം/നടത്തിപ്പ് എന്ന വിഷയം ഉൾപ്പെട്ടിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ(എംഎസ്) 11/2018 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖപ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലയ്ക്ക് ഫർണിച്ചർ, കെട്ടിടം എന്നിവയുൾപ്പടെയുള്ള ഭൗതിക സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പ്രോജക്ടുകളാണ് ജില്ലാപഞ്ചായത്തിന് ഏറ്റെടുക്കാവുന്നത്. യുവജന ക്ഷേമകേന്ദ്രം നിർമാണം എന്ന പ്രോജക്ട് എറ്റെടുക്കുവാൻ പദ്ധതി മാർഗരേഖപ്രകാരവും അനുവദിക്കപ്പെട്ടിട്ടില്ല.

2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.12.2017-ലെ ജി.ഒ.(ആർടി) 4112/2017 പ്രകാരം ജില്ലാകളക്ടറുടെ അനുമതിയോടെ എസ് സി പി/ ടി എസ് പി ഫണ്ട് ഉപയോഗിച്ച് യുവജനക്ഷേമകേന്ദ്രങ്ങളുടെ നിർമാണം നടപ്പാക്കാൻ ഉത്തരവായെങ്കിലും പദ്ധതി നടപ്പാക്കുന്നതിന് ജില്ലാകളക്ടറുടെ അനുമതി ലഭിച്ചതായി കാണുന്നില്ല.

3. പദ്ധതി രൂപീകരണത്തിന്റെ മുൻ ഉപാധിയായ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പ്രസ്തുത പ്രോജക്ട് ഒരിക്കൽപോലും പരാമർശിക്കപ്പെട്ടതായി രേഖയില്ല.

4. പട്ടികവർഗ ഉപപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിന് അനിവാര്യമായ സാമൂഹ്യഭ്രപടവും അനുയോജ്യതാ സാക്ഷ്യപത്രവും തയ്യാറാക്കിയിട്ടില്ല. തന്മൂലം പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമായി നിർണയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

5. പ്ലമ്പിംഗ്, വൈദ്യുതീകരണം എന്നിവ ഉൾപ്പടെയുള്ള പൂർണമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം കെട്ടിടനിർമാണത്തിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ (2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 2302.1,2301.2 , തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018-ലെ ജി.ഒ(എംഎസ്) 11/2018 ഖണ്ഡിക 3.5.1(9) എന്നിവ കാണുക) സ്ട്രക്ചർ വരെയുള്ള ഇനങ്ങൾ പ്രാഥമികമായി ഉൾപ്പെടുത്തുകയും പിന്നീട് അത് പുതുക്കി 60.75ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഒരു കെട്ടിടത്തിന്റെ മേൽക്കൂര വാർക്ക വരെയുള്ള ഇനങ്ങൾ മാത്രം ചേർത്തുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്.

6. സൈറ്റിന്റെ ഭൗതിക അവസ്ഥ പരിഗണിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. തോടിനോടു ചേർന്ന ചെരിവുള്ള സ്ഥലം കെട്ടിട നിർമാണത്തിന് ലഭിച്ചതിനാൽ പതിമൂന്ന മീറ്റർ നീളത്തിലും ഒന്നര മീറ്റർ ഉയരത്തിലും ഒരു സംരക്ഷണഭിത്തി നിർമ്മിച്ച് മണ്ണ് നിറച്ച് സൈറ്റ് നിരപ്പാക്കിയെടുക്കേണ്ടി വന്നു. തൻമൂലം യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല ഇനങ്ങളും പൂർത്തിയാക്കാനാവാതെ ഉപേക്ഷിച്ചു.

ഇതുവരെ ചെലവഴിച്ചതിലും ഇരട്ടിയിലേറെ വിനിയോഗിച്ചാൽ മാത്രമാണ് കെട്ടിടനിർമാണം പൂർത്തിയാക്കാൻ കഴിയുക എന്ന് സൈറ്റ് പരിശോധനയിൽ വിലയിരുത്തിയിട്ടുണ്ട്. പൂർത്തീകരണവും തുടർ പ്രവർത്തനവും സാധ്യമാകുന്നതെങ്ങനെയെന്ന് പദ്ധതിയിൽ വ്യക്തമാക്കപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ ₹848,268/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## (5) വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്- അരണക്കൽ പകൽ വീട് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.ചെലവ് തടസ്സം



| | |
|---|---|
| പ്രോജക്ട് നമ്പർ | 1373/19 |
| അടങ്കൽ | ₹ 15ലക്ഷം |
| അളവു ബുക്ക് നമ്പർ | 945/19 |
| ബിൽ നമ്പർ | 374/23.3.19 ₹1355116/- |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ഒന്നാം ഡിവിഷനിൽ അരണക്കൽ പ്രദേശവാസികൾക്കായി പകൽ വീട് നിർമ്മിക്കുന്നതിനായി 15 ലക്ഷം വകയിരുത്തി ആരംഭിച്ച പദ്ധതിയാണിത്. വണ്ടിപ്പെരിയാർ സെക്ഷൻ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചപ്പോൾ കെട്ടിടം പൂട്ടിയിട്ട നിലയിലാണ്. താക്കോൽ ആരുടെ കൈവശമാണെന്ന് ബന്ധപ്പെട്ടവർക്ക് നിശ്ചയമില്ല. കെട്ടിടത്തിന്റെ പരിസരം കാടു കയറിയ നിലയിലും മുൻവശത്ത് പാഴ് വസ്തുക്കൾ കൂട്ടിയിട്ട നിലയിലുമാണ്. എസ്റ്റിമേറ്റിൽ വൈദ്യുതീകരണം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വയറിംഗ് ജോലികൾ ഒന്നും നടത്തിയിട്ടില്ല. ടോയിലറ്റിനായി മുറി പണിതിട്ടുള്ളതല്ലാതെ സോക്ക് പിറ്റ് നിർമ്മിച്ച് ഉപയോഗയോഗ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, വെള്ളം മുതലായവ ഉൾപ്പെടുത്തി ഒറ്റ

പ്രോജക്ടായി തയ്യാറാക്കണമെന്ന് 29.01.2018-ലെ സ.ഉ(കൈ)11/2018/തസ്വഭവ പ്രകാരമുള്ള മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ, കുടിവെള്ളം, ഫർണിച്ചർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾക്കുള്ള തുക വകയിരുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കെട്ടിടത്തിൽ നിന്നും അധികം ദൂരെയല്ലാതെ ഒന്നാം ഡിവിഷനിൽ തന്നെ 2016 -2017 വർഷം ₹15ലക്ഷം അടങ്കലിൽ ഓൾഡ് ഏജ് ഹോം എന്ന പേരിലും ഒരു കെട്ടിട നിർമാണം ആരംഭിച്ചിരുന്നു. ഇതേ കെട്ടിടത്തിന്റെ തുടർ പണികൾ 2018 -2019 വർഷം ₹7ലക്ഷം അടങ്കലിൽ നടത്തിയെങ്കിലും പണി പൂർത്തീകരിക്കുകയോ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല.(ഖണ്ഡിക 1-13 കാണുക) പകൽ വീട് ആരംഭിക്കുന്നതിനു വേണ്ടി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണമായും പ്രവർത്തനക്ഷമമാക്കിയ ശേഷം ആവശ്യമുണ്ടെങ്കിൽ മാത്രമേ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടുള്ളൂ എന്ന് 29.01.2018-ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ നിർദേശം പാടേ അവഗണിച്ചുകൊണ്ടാണ് രണ്ടു പകൽ വീടുകൾ ഒരേ ഡിവിഷനിൽ പണിതതും രണ്ടും പ്രവർത്തനം ആരംഭിക്കാതിരിക്കുന്നതും . മേൽ സാഹചര്യത്തിൽ ₹1355116/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.28/21.12.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### (6) <u>വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്-ഗ്രാമ്പി ഒന്നാം ഡിവിഷൻ അങ്കണവാടി-കെട്ടിടം പണി പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചില്ല.</u>

<u>ചിത്രം 1-പണി പൂർത്തീകരിച്ച കെട്ടിടം</u>



<u>ചിത്രം 2-അങ്കണവാടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടം</u>



| | |
|---|---|
| പ്രോജക്ട് നമ്പർ | 1372/19 |
| അടങ്കൽ | ₹ 20ലക്ഷം |
| ബിൽ നമ്പർ | 295/14.03.2019 ₹ 1299265/- |
| അളവു ബുക്ക് നം | 625/17-18 |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| കൺവീനർ | ശ്രീമതി എൽസമ്മ ജെ |

ഗ്രാമ്പി ഒന്നാം ഡിവിഷനിൽ പുതിയ അങ്കണവാടി നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണിത്. പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയെങ്കിലും തുടർ പ്രവർത്തനങ്ങളിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു. ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്ക് പ്രകാരവും അളവുബുക്കിലെ രേഖപ്പെടുത്തൽ അനുസരിച്ചും 2019 ഫെബ്രുവരി മാസം അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചതാണ്. എന്നാൽ സ്ഥല പരിശോധന നടത്തിയ 21.11.2019 വരെ കെട്ടിടം തുറന്നു നൽകി പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിലവിൽ

അങ്കണവാടി പ്രവർത്തിക്കുന്നത് ഇടിഞ്ഞു വീഴാറായ പഴകി ദ്രവിച്ച് അപകടാവസ്ഥയിലായ ഒരു ലയത്തിലാണ്. ശിശുക്കളും കുട്ടികളും കൗമാര പ്രായക്കാരായ പെൺകുട്ടികളും ഗർഭിണികളും അടങ്ങുന്ന വലിയൊരു സമൂഹത്തിന് ആശ്രയമാകേണ്ട അങ്കണവാടി വ്യക്തമല്ലാത്ത കാരണങ്ങളാൽ ഒരു വർഷത്തോളമായി പൂട്ടിയിട്ടിരിക്കുന്നു. കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് അങ്കണവാടി വെൽഫയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ തുടങ്ങിയവരുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ ₹1299265/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/20.12.2019 ന് മറുപടി ലഭ്യമായിട്ടില്ല.

## (7) <u>അടിമാലി ഗ്രാമപഞ്ചായത്ത്-ചില്ലിത്തോട് 60-ാം പടി എസ്.സി കോളനി അങ്കണവാടി -കെട്ടിടം സുരക്ഷിതമല്ല</u>.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 680/19 |
| ബിൽ നം. | 197/21.12.2018 ₹12,89,168/- |
| അളവ് ബുക്ക് നം. | 1062/17-18 |
| അടങ്കൽ | 15 ലക്ഷം |
| നിർവഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |
| കൺവീനർ | ശ്രീമതി. സുഹറ |

അടിമാലി ഗ്രാമപഞ്ചായത്ത് ചില്ലിത്തോട് 60-ാം പടി എസ്.സി കോളനി അങ്കണവാടി കെട്ടിടത്തിന്റെ നിർമാണം പദ്ധതിയുടെ പ്രായോഗികതയും വിജയസാദ്ധ്യതയും പരിഗണിക്കാതെയാണ് നിർമാണം നടത്തിവരുന്നത്. 2017-18 ൽ തയ്യാറാക്കിയ 60-ാം പടി എസി. കോളനി അങ്കണവാടി കെട്ടിടനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പ്രകാരം അങ്കണവാടിയുടെ ടോയിലറ്റ്, ഫ്ലോറിംഗ് മുതലായവ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കേണ്ടതായിരുന്നു. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ പ്രസ്തുത പണികളൊന്നും തന്നെ നടത്തിയിട്ടില്ല. ഏകദേശം 2 സെന്റ് മാത്രം വിസ്തൃതിയുള്ള സ്ഥലത്ത് 3നിലകളിലായി നിലവിലും പണികൾ നടന്ന് വരികയാണ്. ഓഡിറ്റ് വർഷം ബിൽ മാറിയ സമയത്ത് പൂർത്തീകരിച്ച പണികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി കൺവീനർക്ക് തുക നൽകുകയാണ് ചെയ്തത്. ടോയിലറ്റ് ഉൾപ്പെടെ കുട്ടികൾക്ക് ഉപയോഗിക്കുവാൻ പര്യാപ്തമായ രീതിയിൽ താഴത്തെ നിലയിൽത്തന്നെ ക്രമീകരിക്കേണ്ടതായിരുന്നു എങ്കിലും നിലവിൽ ഒന്നും രണ്ടും നിലകളിലായി ഉള്ള ഇടുങ്ങിയ കെട്ടിടത്തിലാണ് പ്രസ്തുത സൗകര്യങ്ങൾ പണിതു വരുന്നത്. യാതൊരു രീതിയിലും 5 വയസിന് താഴെയുള്ള കുട്ടികൾക്ക് സുരക്ഷിതമായി ഉപയോഗിക്കാവുന്ന തരത്തിലല്ല പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ അങ്കണവാടികളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതിനൊപ്പം ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ വർദ്ധിച്ച ഗുണമേൻമയിലും സമയബന്ധിതമായും ലഭ്യമാക്കുക എന്നതുകൂടി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൊതു മുൻഗണനകളിൽ ഉൾപ്പെട്ടതാണ്. പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള നിർദേശങ്ങൾ അനുസരിച്ച് ഓരോ പ്രോജക്റ്റിന്റെയും യുക്തിയും പ്രായോഗികതയും വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പു വരുത്തേണ്ടതുണ്ട്. അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്കു വേണ്ടി പണിയുന്ന അങ്കണവാടിയുടെ മുറിയും ടോയിലറ്റും ഇടുങ്ങിയതും കുത്തനെയുള്ളതുമായ ഗോവണിയുടെ മുകളിൽ പണിയുന്നത് ബാലാവകാശ ലംഘനമായിവരെ പരിഗണിക്കപ്പെടുവാൻ സാദ്ധ്യതയുണ്ട്. വിജയ സാദ്ധ്യതയും നിയമസാധുതയും ഉറപ്പില്ലാത്ത ഈ പ്രോജക്റ്റിനു വേണ്ടിയുള്ള ₹12,89,168/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/20.12.2019 ന് മറുപടി ലഭ്യമായിട്ടില്ല.

## (8) <u>ശാന്തിപ്പാലം പകൽവീട്-മൺതിട്ട ഇടിഞ്ഞ് വീണ് അപകടത്തിൽ</u>

| | |
|---|---|
| | |





| | |
|---|---|
| പ്രോജക്ട് നം. | 309/19 |
| അടങ്കൽ | ₹1000000/- |
| ബിൽ നം./തുക | 43/22/3/19 ₹ 500000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ ശാന്തിപ്പാലം എന്ന സ്ഥലത്ത് പകൽവീട് നിർമ്മിക്കുന്നതിനുവേണ്ടി തൻവർഷം ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ചപ്പാത്ത്-മ്ലാമല റോഡ് സൈഡിൽ 20 മീറ്ററോളം ഉയരമുള്ള ഒരു കുന്നിന്റെ വശം ഇടിച്ച് മണ്ണ് നീക്കം ചെയ്ത് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഉദ്ഘാടനത്തിനു മുമ്പ് തന്നെ തിട്ടയിൽനിന്ന് മണ്ണിടിഞ്ഞ് വീണ് കെട്ടിടത്തിന്റെ അടുക്കള ഉൾപ്പടെയുള്ള ഭാഗം തകർന്നു. തിട്ടയുടെ ശേഷിക്കുന്ന ഭാഗം വീണ്ടും ഇടിയുന്ന അവസ്ഥയിലാണ്. കൂടാതെ, മൺതിട്ടയിൽ വലിയ മരങ്ങൾ കെട്ടിടത്തിന്റെ മുകളിലേയ്ക്ക് വീഴുന്ന രീതിയിൽ അപകടകരമായി നിൽക്കുന്നുണ്ട്. വൃദ്ധർക്ക് വിശ്രമത്തിനും വിനോദത്തിനുമായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടം തീർത്തും അപകട ഭീഷണി നിലനിൽക്കുന്ന സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നത്. സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് മുമ്പായി സ്ഥലം 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരം ജില്ലാ പഞ്ചയാത്തിന് കൈമാറണം. എന്നാൽ, കെട്ടിടം പണിയുന്നതിനുള്ള സ്ഥലം മാത്രമാണ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. നിർമ്മിച്ചിരിക്കുന്ന പകൽവീടിന്റെ പിൻഭാഗം സമാനമായ മണ്ണിടിച്ചിലിന് ഏറെ സാധ്യതയുള്ള കുത്തനെയുള്ള മലഞ്ചെരുവിലാണ്. അതിനാൽ, പ്രായമായവർക്ക് അനുയോജ്യമായ സ്ഥലത്തല്ല നിർമ്മാണം നടത്തിയിട്ടുള്ളത്. മേൽ ചട്ടങ്ങളിലെ ചട്ടം 3(1)(എ) പ്രകാരം വസ്തു വാങ്ങുമ്പോൾ വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് ജില്ല കളക്ടറുടെ അനുയോജ്യത സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## (9) <u>രാജമുടി കാർഷിക വിപണന കേന്ദ്രം ആവശ്യകത നിർണയിക്കാതെ കെട്ടിടം നിർമ്മിച്ചു.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 332/2018 |
| അടങ്കൽ | ₹15,00,000/- |
| ബിൽ നം. | 152/എഎക്സ് ഇ/2018-19/19.11.2018 ₹1167437/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ രാജമുടിയിൽ രാജമുടി കാർഷിക വിപണന കേന്ദ്രം (332/2018) എന്ന പ്രോജക്ട് പ്രകാരം മൂന്ന് മുറികളുള്ള കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിൽ നിലവിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. നിലവിൽ പണികഴിപ്പിച്ചിട്ടുള്ള കെട്ടിടത്തിന്റെ പിൻഭാഗത്ത് രണ്ട് നിലകളിലായി 2014-15 സാമ്പത്തിക വർഷം 15 ലക്ഷം രൂപ ചെലവഴിച്ച് പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടം പൂർണമായും ഉപയോഗിക്കാത്ത സാഹചര്യത്തിൽ ₹1167437/- ചെലവഴിച്ച് പുതിയ കെട്ടിടം പണിതത് പൊതുപണത്തിന്റെ ദുർവ്യയമാണ്. ആവശ്യകത ഉറപ്പാക്കിയതിന് ശേഷം പദ്ധതികൾ ആവിഷ്കരിക്കേണ്ടതും കാര്യക്ഷമമായ ഉപയോഗം ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.18/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## (10) കാരയൂർ വനിത കാർഷിക പരിശീലന കേന്ദ്രം

| | |
|---|---|
| പ്രോജക്ട് നമ്പർ | 430/18-19 |
| അടങ്കൽ | ₹ 2500 000/- |
| ബിൽ നമ്പർ | 9/16.5.2018 ₹2030914/- |
| ബിൽ നമ്പർ | 269/28.11.2018 ₹367134/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ കാരയൂർ വനിത കാർഷിക പരിശീലന കേന്ദ്രം ₹ 2392048/- ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ, ഉല്പാദന മേഖലയിൽ വനിതാ സാംസ്കാരിക കാർഷിക പരിശീലന കേന്ദ്രം എന്ന പേരിൽ പണികഴിപ്പിച്ച കെട്ടിടം കമ്മ്യൂണിറ്റി ഹാളായാണ്(സത്രം) നിലവിൽ പ്രവർത്തിക്കുന്നത്. പ്രദേശത്തെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും യോഗങ്ങൾ നടത്തുന്നതിനുമാണ് സത്രങ്ങൾ ഉപയോഗിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018 ലെ സ ഉ(കൈ)നം.11/2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് തയ്യാറാക്കുന്ന വനിത ഘടക പദ്ധതികളിൽ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹിക പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണമെന്നും വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്നത് പ്രത്യേക മേഖലകൾക്കും വിഭാഗങ്ങൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള ഘടകപദ്ധതികളുടെ അന്തസത്തയെ തന്നെ തകർക്കുന്നു. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാപ്രകാരം നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ പാലിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/20.12.2019ന് മറുപടി ലഭ്യമായിട്ടില്ല.

## (11) അനുയോജ്യമല്ലാത്ത കെട്ടിട നിർമ്മാണങ്ങൾ

| കൊമ്പടിഞ്ഞാൽ വനിത വ്യവസായ ഉല്പന്ന വിപണന കേന്ദ്രം | |
|---|---|
| പ്രോജക്ട് നമ്പർ | 32/18-19 |
| അടങ്കൽ | ₹1500000/- |
| ബിൽ നമ്പർ | 147/5.4.19 ₹462067/- (ക്യൂ ബിൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

കൊന്നത്തടി ഗ്രാമപഞ്ചായത്തിൽ കൊമ്പടിഞ്ഞാൽ വനിത വ്യവസായ ഉല്പന്ന വിപണന കേന്ദ്രം എന്ന പ്രോജക്ട് 2016-17 ൽ ആവിഷ്കരിച്ചതാണ്. റോഡ് നിരപ്പിൽ നിന്നും അഞ്ച് മീറ്റർ ഉയരത്തിൽ ചെങ്കുത്തായ പാറക്കെട്ടിലാണ് കെട്ടിട നിർമ്മാണം നടക്കുന്നത്. കെട്ടിടത്തിന്റെ പിൻഭാഗത്ത് കുത്തനെയുള്ള പാറക്കെട്ടിന്റെ മുകൾ ഭാഗം ഉറപ്പില്ലാത്ത പാറയാണ്. കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് നടത്തിയതിന് 2017-18ൽ 934696/-യും ഭിത്തികെട്ടി മുൻഭാഗത്ത് 5 മീറ്റർ ഉയരത്തിൽ കൽക്കെട്ട് കെട്ടിയതിന് 2018-19 ൽ ക്യൂ ബില്ലിൽ ഉൾപ്പെട്ട ₹466027/- ഉൾപ്പടെ ₹1307360/- 2019-20 ൽ ചെലവഴിച്ചു. കെട്ടിടത്തിന്റെ പെയിന്റിംഗ്, ഫ്ലോറിംഗ്, ജനലുകൾ, വാതിലുകൾ സ്ഥാപിക്കൽ, പ്ലംബിംഗ്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയ പ്രവർത്തികൾ നടത്തി കെട്ടിനിർമ്മാണം പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൈവശാവകാശ രേഖ മാത്രമുള്ള കെട്ടിടത്തിലാണ് നിർമ്മാണം നടത്തുന്നത്. ഉറപ്പില്ലാത്തതും ചെങ്കുത്തായതും വനിത വ്യവസായ വിപണന കേന്ദ്രത്തിന് അനുയോജ്യമല്ലാത്തതുമായ സ്ഥലത്താണ് കെട്ടിടം പണിയുന്നത്. 6 മീറ്റർ നീളവും 3.5 മീറ്റർ വീതിയുമുള്ള ഒരു ഹാളും അനുബന്ധ ടൊയ്‌ലെറ്റും പണിയുന്നതിന് വേണ്ടി 25 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. 15 ലക്ഷം രൂപ കൂടി ചെലവഴിച്ചാൽ മാത്രമേ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാവുകയുള്ളൂ. അനുയോജ്യമായ സ്ഥലം കണ്ടെത്തി കമ്പോള വിലയ്ക്ക് വാങ്ങി കെട്ടിടം നിർമ്മിച്ചാൽ പോലും മൂന്നിലൊന്ന് തുക മാത്രമേ ചെലവ് വരൂ. കെട്ടിടത്തിലേക്ക് പ്രവേശനത്തിനുള്ള മാർഗ്ഗം പോലും ഇല്ല. കൊന്നത്തടി ഗ്രാമപഞ്ചായത്തിലെ തന്നെ പെരിഞ്ചാംകുട്ടിയിൽ മൂന്ന് നിലകളിൽ പണികഴിപ്പിച്ചിട്ടുള്ള വനിത വ്യവസായ വിപണന കേന്ദ്രം പ്രവർത്തന

രഹിതമായി കിടക്കുമ്പോൾ വൻ തുക മുതൽ മുടക്കി വീണ്ടും കെട്ടിടം പണിയുന്നത് പൊതുപ്പണത്തിന്റെ ദുർവ്യയമാണ്. സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് മുമ്പായി സ്ഥലം 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്തിന് കൈമാറണം. എന്നാൽ, കെട്ടിടം പണിയുന്നതിനുള്ള സ്ഥലം മാത്രമാണ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. മേൽ ചട്ടങ്ങളിലെ ചട്ടം 3(1)(എ) പ്രകാരം വസ്തു വാങ്ങുമ്പോൾ വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് ജില്ല കളക്ടറുടെ അനുയോജ്യത സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

## (12) <u>പെരിഞ്ചാംകുട്ടി വനിത കമ്മ്യൂണിറ്റിഹാൾ</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 327/18-19 |
| അടങ്കൽ | ₹1301294/- |
| ബിൽ നമ്പർ | 242/15.11.2018 – ₹1167437/-, 373/28.01.2019 - ₹ 133857/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വാത്തിക്കുടി ഗ്രാമപഞ്ചായത്തിൽ പെരിഞ്ചാംകുട്ടി വനിത കമ്മ്യൂണിറ്റിഹാൾ എന്ന പ്രോജക്ടിൽ ₹ 1301294/- ചെലവഴിച്ചിട്ടുണ്ട്. പെരിഞ്ചാംകുട്ടിയിൽ പ്രവർത്തിക്കുന്ന വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയുടെ മുകളിലാണ് കെട്ടിടം പണികഴിപ്പിച്ചിട്ടുള്ളത്. എന്നാൽ, വനിതാ സാംസ്കാരിക നിലയം എന്ന പേരിൽ പണികഴിപ്പിച്ച കെട്ടിടത്തിൽ വൈജയന്തി വായനശാല എന്ന വായനശാലയാണ് നിലവിൽ പ്രവർത്തിക്കുന്നത്. കൂടാതെ, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ജില്ലാപഞ്ചായത്തിന് കൈമാറിയതിന്റെ വിശദാംശങ്ങളില്ല. വനിതാ ഘടകപദ്ധതിൽ ആവിഷ്കരിച്ച് നടപ്പാക്കിയ കമ്മ്യൂണിറ്റി ഹാളിന് പകരം മൂന്ന് മുറികളാണ് പണിതിട്ടുള്ളത്. കെട്ടിടത്തിലെ രണ്ട് മുറികൾ ലൈബ്രറിയായും ഒരു മുറി ഓഫീസായും പ്രവർത്തിക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2018 ലെ സ ഉ(കൈ)നം.11/2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹിക സാമ്പത്തിക പദവി ഉയർത്തുന്നതിന് തയ്യാറാക്കുന്ന വനിത ഘടക പദ്ധതികളിൽ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹിക പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണമെന്നും വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം മാർഗ്ഗരേഖയിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി ഉപയോഗിക്കുന്നത് പ്രത്യേക മേഖലകൾക്കും വിഭാഗങ്ങൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള ഘടകപദ്ധതികളുടെ അന്തസത്തയെ തന്നെ തകർക്കുന്നു. വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാപ്രകാരം നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ പാലിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## (13) <u>കൗൺസലിംഗ് സെന്റർ നിഷ്ക്രിയ ആസ്തിയായി</u>

| | |
|---|---|
| പ്രോജക്ട് നം/ പേര് | 387/19 മുള്ളരിങ്ങാട് ഗവ ഹയർസെക്കണ്ടറി സ്കൂൾ കൗൺസിലിംഗ് ഹാൾ |
| അടങ്കൽ | 15 ലക്ഷം |
| ചെലവ് | 14,17,378/- |
| ബിൽ നം. | 264/2018-19 തി.27.03.2019 |
| അളവ് പുസ്തക നമ്പർ | 632/2018-19 |

ജില്ലാ പഞ്ചായത്ത് 2017-18 ൽ ആരംഭിച്ചതും തൻവർഷം പൂർത്തീകരിച്ചതുമായ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ മുള്ളരിങ്ങാട് ഗവ.ഹയർ സെക്കന്ററി സ്കൂൾ കൗൺസലിംഗ് സെന്റർ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനുതകുംവിധം പ്രവർത്തനമാരംഭിച്ചിട്ടില്ല. ഫലത്തിൽ ലക്ഷങ്ങൾ മുതൽ മുടക്കിയ നിർമ്മിതി നിഷ്ക്രിയ ആസ്തിയായി പരിണമിച്ചിരിക്കുകയാണ്. സ്കൂളിൽ നിലവിലുള്ള കെട്ടിടത്തിനു മുകളിൽ 150ചതുരശ്ര മീറ്റർ വിസ്തീർണമുള്ള ഒരു ഹാൾ നിർമിക്കുന്ന പ്രോജക്ടാണ് നടപ്പാക്കിയത്. ( പ്രോജക്ട് നം.646/2019). അതിനുവേണ്ടി 14,17,378/-രൂപ ചെലവഴിച്ചു. ഹാൾ നിർമാണം പൂർത്തീകരിച്ചുവെങ്കിലും അത് യഥാവിധി പ്രയോജനപ്പെടുത്തിയിട്ടില്ലായെന്നും നിലവിൽ

പ്രാവുകളുടെ ആവാസകേന്ദ്രമായി അത് പരിണമിച്ചിരിക്കുന്നുവെന്നും പ്രാദേശിക പരിശോധനാവേളയിൽ കാണുകയുണ്ടായി. കൗൺസലിംഗ് സെന്റർ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### (14) ചെല്ലാർകോവിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ-അനുയോജ്യത നിർണയിക്കാതെ പദ്ധതി അവിഷ്കരിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 424/19 |
| അടങ്കൽ | ₹35,00,000/- |
| ബിൽ നം. | 25/16/5/19 ₹ 814676/- |
| ബിൽ നം. | 399/31/1/19 ₹ 1799483/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | എക്സിക്യൂട്ടീവ് എഞ്ചിനിയർ |

ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ ചെല്ലാർകോവിലിൽ 35 ലക്ഷം രൂപ അടങ്കലിൽ ആവിഷ്കരിച്ച മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ (424/19) എന്ന പ്രോജക്ടിന് ₹2614159 ചെലവഴിച്ചിട്ടുണ്ട്. ചെല്ലാർകോവിൽ ക്ഷീരോല്പാദക സഹകരണ സംഘം ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി വർഷങ്ങൾക്ക് മുമ്പ് ജില്ലാ പഞ്ചായത്തിന് കൈമാറിയ 50 സെന്റ് സ്ഥലത്ത് നിലവിലുണ്ടായിരുന്ന പാൽസംസ്കരണത്തിന് വേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെയും അനുബന്ധ ഓഫീസ് കെട്ടിടത്തിന്റെയും അറ്റകുറ്റപണികളുമാണ് നിർവ്വഹിച്ചിട്ടുള്ളത്. ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ സംഭരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ജനസാന്ദ്രത കൂടുതലുള്ള മേഖലയിൽ ഇത്തരമൊരു പ്രോജക്ട് നടപ്പാക്കുന്നത് ജനങ്ങൾക്ക് ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. പദ്ധതി നടപ്പാക്കുന്നതിനെതിരെ അധികാരികൾക്ക് നിരവധി പരാതികൾ സമീപവാസികൾ നൽകിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രശ്നം രൂക്ഷമായിട്ടുള്ള സംസ്ഥാനത്ത് ജനവാസ മേഖലയിൽ പ്ലാസ്റ്റിക്ക് സംസ്കരണത്തിന് പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് വേണ്ട കൂടിയാലോചനകളും പഠനങ്ങളും നടത്തിയിട്ടില്ല. ക്ഷീര കർഷകർ ഭൂരിപക്ഷമുള്ള പ്രദേശത്ത്ചില്ലിംഗ് പ്ലാന്റിനുവേണ്ടി സൗജന്യമായി വിട്ടു നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിച്ചതല്ലാതെ പ്ലാന്റ് ആരംഭിക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ നടത്താതെ കെട്ടിടം മാലിന്യ സംസ്കരണത്തിനായി വ്യക്തമായ കാരണങ്ങളില്ലാതെ മാറ്റി. 20181-9 ൽ ₹2614159 ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തിയ കെട്ടിടം തുടർ പ്രവർത്തനങ്ങൾ നടത്താതെ അവഗണിച്ചിട്ടിരിക്കുന്നത് പൊതുപ്പണത്തിന്റെ ദുർവ്യയമാണ്. കെട്ടിടം ഉപയോഗ രഹിതമായി കിടക്കുന്നത് കെട്ടിടം നശിക്കുന്നതിനും സാമൂഹ്യവിരുദ്ധരുടെ താവളമാകുന്നതിനും ഇടയാകും. ആയതിനാൽ, കെട്ടിടം ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.20/20-12-19-ന് മറുപടി ലഭ്യമായിട്ടില്ല.

## 1-17 ജലസേചന, കുടിവെള്ള പദ്ധതികൾ- മാർഗ്ഗരേഖ പാലിക്കാത്തതിനാൽ ലക്ഷങ്ങളുടെ പാഴ്ചെലവ്

പീച്ചാട്, പ്ലാമല പാടശേഖരം കനാലുകൾ, തോക്കുപാറ കട്ടിപ്പടി തടയണ, സൗഹൃദഗിരി കുടിവെള്ള പദ്ധതി തുടങ്ങിയവ സർക്കാർ മാർഗ്ഗരേഖ പാലിക്കാതെ നടപ്പാക്കിയതിനാലും കൃത്യമായ മോണിറ്ററിംഗ് ഇല്ലാതിരുന്നതിനാലും ലക്ഷ്യം കൈവരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### (1) പള്ളിവാസൽ ഗ്രാമപഞ്ചായത്ത്-പീച്ചാട് , പ്ലാമല പാടശേഖരം കനാലുകൾ - ലക്ഷ്യം കൈവരിച്ചില്ല.



| | | |
|---|---|---|
| പ്രോജക്ട് നം.777/19<br><br>പീച്ചാട് പാടശേഖരം കനാൽ<br><br>കൺവീനർ - ബിജു ജനാർദനൻ<br><br>അടങ്കൽ – ₹15 00 000/- | അളവുബുക്ക് നമ്പർ.1078<br><br>ബിൽ നമ്പർ.68/27.7.18 | ₹1389515 |
| പ്രോജക്ട് നം.691/19<br><br>പ്ലാമല പാടശേഖരം കനാൽ<br><br>കൺവീനർ - സുരേഷ് കോടക്കനാൽ<br><br>അടങ്കൽ – ₹6 00 000/- | അളവുബുക്ക് നമ്പർ.1076<br><br>ബിൽ നമ്പർ.69/27.7.18 | ₹552189 |

പല വ്യക്തികളുടെ കൈയിലുള്ള 250 ഏക്കറോളം വരുന്ന ചതുപ്പ് പ്രദേശം വെള്ളക്കെട്ട് കാരണം കൃഷി നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ 4 അടി താഴ്ചയിൽ 2 പദ്ധതികളിലുമായി 179 മീറ്റർ നീളത്തിൽ കനാൽ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കി നെൽകൃഷി നടത്തുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പ്രസ്തുത കനാലുകൾ കൊണ്ട് ചതുപ്പ് നിലം കൃഷിയ്ക്ക് ഉപയുക്തമാക്കാനോ കൃഷി നടത്തുവാനോ സാധിച്ചിട്ടില്ലെന്ന് സ്ഥല പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൃഷി വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയെക്കുറിച്ച് എന്തെങ്കിലും വിവരങ്ങളോ വിദഗ്ധാഭിപ്രായമോ ശേഖരിക്കുകയോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കു സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ പ്രായോഗികതയും വിജയ സാദ്ധ്യതയും വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്യുകയോ മോണിറ്ററിംഗിന് ബാദ്ധ്യസ്ഥമായ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും നിർമാണ പ്രവർത്തനങ്ങളുടെ ചുമതലയുള്ള മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണാനുമതി നൽകിയ പഞ്ചായത്ത് ജനറൽ കമ്മറ്റിയും പരിശോധിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ഇത്തരത്തിലൊരു പദ്ധതി നിർദേശിക്കുകയോ ഗ്രാമസഭയ്ക്കു സമാനമായി ജില്ലാ പഞ്ചായത്തിൽ ചേർന്ന യോഗത്തിൽ പ്രോജക്ടിന്റെ പ്രായോഗികതയും വിജയ സാദ്ധ്യതയും പരിശോധിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി രൂപീകരണത്തിനു വേണ്ട യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് പ്രോജക്ട് തയ്യാറാക്കിയതും അംഗീകരിച്ചതും. നെൽ കൃഷി ഉറപ്പാക്കുന്നതിനായി പാടശേഖര സമിതികളുമായി യാതൊരു കരാറിലും ഏർപ്പെട്ടിട്ടില്ല. കനാൽ പണിതതിനു ശേഷവും കൃഷി ചെയ്യുവാൻ ഏതെങ്കിലും തരത്തിലുള്ള തുടർ പ്രവർത്തനമോ മോണിറ്ററിംഗോ നടത്തിയിട്ടില്ല. കനാലിന്റെ ഇരുവശവും കൃഷിക്ക് അനുയോജ്യമല്ലാത്ത ചതുപ്പ് നിലങ്ങളാണ്. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ജനറൽ കമ്മറ്റിയും പദ്ധതി രൂപീകരണത്തിന്റെയും നിർവഹണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ നിർവഹിക്കേണ്ട ചുമതലകളെക്കുറിച്ച് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ മാർഗരേഖ പാലിക്കാതിരുന്നതാണ് പദ്ധതി പരാജയമാകാൻ കാരണമായത്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ നിർവഹണം നടത്തിയ രണ്ടു പദ്ധതികളിലുമായി ₹1941704/-യുടെ പാഴ്ചെലവ് വരുത്തിയിരിക്കുന്നു. പ്രോജക്ട് പരിപൂർണ്ണ പരാജയവുമായി മാറിയ സാഹചര്യത്തിൽ ₹1941704/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.24/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## (2) <u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത്- തോക്കുപാറ കട്ടിപ്പടി തടയണ ഉപകാരപ്രദമല്ലാത്ത പദ്ധതി</u>



പ്രോജക്ട് നം.457/18

പ്രോജക്ട്. നം.778/19

ബിൽ നം. 214/17.1.19 ₹878311/-

എം. ബുക്ക് നം. 1022/17-18

നിർവഹണം - എക്സിക്യൂട്ടീവ് എൻജിനീയർ

ജലസേചനം നടത്തുന്നതിനായി പള്ളിവാസൽ പഞ്ചായത്തിലെ തോക്കുപാറ ഗ്രാമത്തിൽ നിന്നും ഏകദേശം അര കിലോമീറ്റർ അകലത്തിൽ 100 മീറ്ററോളം ഉയരത്തിലുള്ള കുന്നിൻ മുകളിൽ തടയണ നിർമിക്കുന്നതിനുള്ള പദ്ധതിയാണിത്. സ്വകാര്യ വ്യക്തിയുടെ ഏലം എസ്റ്റേറ്റിനു സമീപത്തുകൂടി ഒഴുകുന്ന സ്വാഭാവിക ജലസ്രോതസ്സിലാണ് ചെക്ക് ഡാമിന്റെ തൂണുകൾ പണിതിരിക്കുന്നത്. പ്രസ്തുത നീരൊഴുക്കിന് കുറുകെ 4 കോൺക്രീറ്റ് തൂണുകൾ പണിതിരിക്കുന്നതായിട്ടാണ് സ്ഥലപരിശോധനയിൽ കണ്ടെത്തിയത്. വെള്ളം തടഞ്ഞു നിർത്തി ജലസേചനം നടത്തുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ചെക്ക് ഡാം പണിയുന്നതിനാവശ്യമായ വിശദമായ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. അടുത്ത വർഷത്തെ പദ്ധതിയിലും ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടില്ല. ഈ സ്ഥലത്ത് വെള്ളം കെട്ടി നിർത്തിയതുകൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് പ്രോജക്ടിൽ വ്യക്തമല്ല. വേനൽക്കാലത്ത് കോൺക്രീറ്റ് തൂണുകൾക്കു കുറുകെ പലകകൾ നിരത്തി വെള്ളം തടഞ്ഞ് നിർത്തി സമീപത്തുള്ള ഏലത്തോട്ടം നനയ്ക്കുന്നതിനു മാത്രമേ പ്രസ്തുത പദ്ധതി ഉപയുക്തമാകൂ എന്ന് കാണുന്നു. പ്രോജക്ടിന്റെ പരിസ്ഥിതി ആഘാത സാദ്ധ്യതകളും ക്ഷമതയും കൃഷി വർക്കിംഗ് ഗ്രൂപ്പ് പഠനവിധേയമാക്കിയിട്ടില്ല. പദ്ധതിയുടെ പ്രായോഗികതയും സാധുതയും വിജയ സാദ്ധ്യതയും ആവശ്യകതയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ മരാമത്തു സ്റ്റാന്റിംഗ് കമ്മറ്റിയോ ഭരണാനുമതി നൽകിയ ജനറൽ കമ്മറ്റിയോ പരിശോധിച്ചിട്ടില്ല. ജനവാസകേന്ദ്രത്തിന് സമീപത്തുള്ള കുന്നിൻമുകളിൽ ചെക്ക് ഡാം നിർമിച്ച് വലിയ അളവിൽ വെള്ളം തടഞ്ഞു നിർത്തുന്നതു മൂലം ഉണ്ടാകാനിടയുള്ള അപകട സാദ്ധ്യതകളും പഞ്ചായത്ത് ഭരണസനിതി കണക്കിലെടുത്തിട്ടില്ല. ക്ഷമതയുള്ള അധികാര കേന്ദ്രങ്ങളുടെ വിദഗ്ധ പഠനത്തിനു ശേഷമുള്ള അനുമതിയോടുകൂടി മാത്രമേ ചെക്ക് ഡാം നിർമിക്കുവാൻ കഴിയൂ. കോൺക്രീറ്റ് തൂണുകൾ നിർമിച്ച് പദ്ധതി പാതി വഴിയിലുപേക്ഷിച്ചതിലൂടെ ₹878311/- പാഴ്ച്ചെലവായി മാറിയിരിക്കുകയാണ്. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ജനറൽ കമ്മറ്റിയും പദ്ധതി രൂപീകരണത്തിന്റെയും നിർവഹണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ നിർവഹിക്കേണ്ട ചുമതലകളെക്കുറിച്ച് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ മാർഗരേഖ പാലിക്കാതിരുന്നതാണ് പദ്ധതി പരാജയമാകാൻ കാരണമായത്.ഈ സാഹചര്യത്തിൽ ₹878311/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## (3) പള്ളിവാസൽ ഗ്രാമപഞ്ചായത്ത്-തോക്കുപാറ സൗഹൃദഗിരി കുടിവെള്ള പദ്ധതി-സ്വകാര്യ വ്യക്തിക്കുവേണ്ടി കുളം നിർമ്മിച്ചു നൽകി



പ്രോജക്റ്റ്. നം.407/19

അടങ്കൽ ₹ 10ലക്ഷം

ബിൽ നം. 18/25.5.18 ₹570071/-

63/6.11.18 ₹329709/-

നിർവഹണം - എക്സിക്യൂട്ടീവ് എൻജിനീയർ

പള്ളിവാസൽ പഞ്ചായത്തിലെ തോക്കുപാറ സൗഹൃദഗിരി കുടിവെള്ള പദ്ധതിയ്ക്കായുള്ള കുളം വിജയൻ പാറക്കാട്ട് എന്ന സ്വകാര്യ വ്യക്തിയുടെ മൂന്നര ഏക്കറോളം വരുന്ന ഏലത്തോട്ടത്തിൽ ഇദ്ദേഹത്തിന്റെ വീടിനു സമീപത്തായാണ് നിർമ്മിച്ചിരിക്കുന്നത്. അടിമാലി ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയാണ് കരാർ ഏറ്റെടുത്ത് പണി നടത്തിയത്. എം. ബുക്ക് നം. 1013/17-18 പ്രകാരം ₹ 899780/- യാണ് പ്രവൃത്തി മൂല്യം. കുളം സ്ഥിതി ചെയ്യുന്ന സ്ഥലവും നടപ്പുവഴിയും പഞ്ചായത്തിനു വിട്ടു നൽകുകയോ പൊതുകുളമാണെന്നു സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. മോട്ടോർ ഉപയോഗിച്ച് സ്ഥലം ഉടമ മാത്രമാണ് കുളത്തിൽ നിന്നും വെള്ളമെടുക്കുന്നത്. ഗുണഭോക്താക്കളുടെ കമ്മറ്റി രൂപീകരിച്ച് കമ്മറ്റിയുമായി കരാറിൽ എർപ്പെട്ട് പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പും മെയിന്റനൻസ് ചുമതലയും കൈമാറിയിട്ടില്ല. ഫലത്തിൽ ₹ 899780/-ഉപയോഗിച്ച് പണിതീർത്ത ആസ്തി ഒരു വ്യക്തിയുടെ സ്വകാര്യ സ്വത്ത് ആയി മാറിയിരിക്കുന്നു. കുടിവെള്ളത്തിന്റെ ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പോ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മറ്റിയോ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയോ ഈ പ്രദേശത്ത് ഇപ്രകാരമുള്ള ഒരു കുളത്തിന്റെ ആവശ്യകത നിർണയിക്കുകയോ എത്ര ആളുകൾക്ക് പ്രയോജനപ്പെടുമെന്ന് പരിശോധിക്കുകയോ ഏതെങ്കിലും തരത്തിൽ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും ജനറൽ കമ്മറ്റിയും പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും നിർവഹിക്കേണ്ട ചുമതലകളെക്കുറിച്ച് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ മാർഗരേഖ പാലിക്കാതിരുന്നതാണ് പദ്ധതി പരാജയമാകാൻ കാരണമായത്. ഈ സാഹചര്യത്തിൽ ₹ 899780/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.27/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## 1-18 റോഡ് നിർമാണം -ലക്ഷ്യം കൈവരിക്കാത്തതിനാൽ ലക്ഷങ്ങളുടെ പാഴ്ചെലവ്

യഥാസമയം റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിലെയും മോണിറ്ററിംഗിലെയും അപാകതകൾ മൂലം വൻതുക പാഴ്ച്ചെലവായി മാറിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### (1) റോഡ് നിർമ്മാണം - പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി.

മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ തന്നെ പൂർത്തീകരിക്കേണ്ട തീയതി വ്യക്തമാക്കേണ്ടതുണ്ട്. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിശ്ചിത നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. നിയമ പ്രകാരമുള്ള പിഴ ഈടാക്കാതെ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷം ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റിംഗ് നടത്തിയ പല പ്രവൃത്തികളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തൻവർഷം നടപ്പാക്കിയ ഏതാനും പ്രവൃത്തികളിൽ തക്കതായ കാരണങ്ങളാൽ വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയിരിക്കുകയാണ്. കാലയളവ് ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ നീട്ടി നല്കിയതിന്റെ രേഖകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചതു മൂലം ₹130033/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മൂന്ന് റോഡ് ടാറിംഗ് പ്രവർത്തികൾ പണി പൂർത്തീകരിക്കേണ്ട കാലയളവിന് ഏകദേശം 6 മാസത്തിനു ശേഷം കോൺക്രീറ്റിംഗ് ആക്കി മാറ്റി നടപ്പാക്കുകയാണ് ചെയ്തത്. പ്രവൃത്തിയുടെ സ്വഭാവം ആകെ മാറിയ സാഹചര്യത്തിൽ ആദ്യ കരാർ റദ്ദ് ചെയ്ത് റീടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. പ്രളയത്തിന് ശേഷം അക്കാരണം ചൂണ്ടിക്കാട്ടി ടാറിംഗ് പ്രവർത്തി ഒഴിവാക്കി

കോൺക്രീറ്റിംഗ് ആക്കി മാറ്റി ടെണ്ടർ നടപടികൾ കൂടാതെ നിലവിലുള്ള കരാറുകാരന് തന്നെ പ്രവൃത്തി അനുവദിക്കുകയാണ് ചെയ്തത്. 3 പ്രവൃത്തികൾക്കായുള്ള ₹2571930/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-6 ൽ ചേർത്തിരിക്കുന്നു.

## (2) അടിമാലി ഗ്രാമപഞ്ചായത്ത് - ഈസ്റ്റേൺ മണൽപ്പടി കലുങ്ക്.അപ്രോച്ച് റോഡ് നിർമ്മിച്ചില്ല. ചെലവ് തടസം



പ്രോജക്ട് നം.197/18

അടങ്കൽ - 30 ലക്ഷം

എം. ബുക്ക് നം.-984/17-18

ബിൽ നം.304/20.3.19 ₹1754694/-

നിർവഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

ഇരുന്നൂറേക്കർ - മെഴുകുംചാൽ റോഡിനെ കൊച്ചി - ധനുഷ്കോടി ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിന് ദേവിയാർ പുഴയ്ക്ക് കുറുകെ 17.50 ലക്ഷത്തിൽപ്പരം രൂപ മുടക്കി ഒരു കലുങ്ക് പണിത് പാതി വഴിയിൽ ഉപേക്ഷിച്ചിരിക്കുകയാണ്. പ്രധാന റോഡിൽ നിന്നും കലുങ്കിലേക്ക് പ്രവേശിക്കുന്നതിനോ ഈസ്റ്റേൺ സ്കൂളിന് സമീപത്തുകൂടി പോകുന്ന ഇരുന്നൂറേക്കർ-മെഴുകുംചാൽ റോഡിൽ നന്നും പാലത്തിലേക്ക് പ്രവേശിക്കുന്നതിനോ ഉള്ള അപ്രോച്ച് റോഡ് നാളിതുവരെ പണിതിട്ടില്ല. ഇരുന്നൂറേക്കർ - മെഴുകുംചാൽ റോഡിൽ നന്നും രണ്ടു മീറ്ററിലധികം ഉയരത്തിലാണ് നിലവിൽ പാലം പണിത് നിർത്തിയിരിക്കുന്നത്. പ്രസ്തുത റോഡ് രണ്ടു മീറ്ററിലധികം ഉയർത്തിയാൽ മാത്രമേ കലുങ്കുമായി ബന്ധിപ്പിക്കുന്നതിന് സാധിക്കു. അപ്രോച്ച് റോഡ് നിർമിക്കുന്നതിനുൾപ്പടെയുള്ള എസ്റ്റിമേറ്റ് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാതിരുന്നത് പദ്ധതി രൂപീകരണത്തിലെ ഗുരുതരമായ പാളിച്ചയാണ്. നിർവഹണ ഉദ്യോഗസ്ഥനുൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയും ജനറൽകമ്മറ്റിയും പദ്ധതി രൂപീകരണത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്തതിന്റെ ദൃഷ്ടാന്തമാണ് ഈ പദ്ധതി. ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ പാഴ്ചെലവായി മാറിയ ₹1754694/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/20.12.2019 ന് മറുപടി ലഭ്യമായിട്ടില്ല.

## (3) അടിമാലി ഗ്രാമ പഞ്ചായത്ത് - കട്ടമുടി എസ് ടി കോളനി റോഡ് കോൺക്രീറ്റിംഗ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.



പ്രോജക്ട് നമ്പർ - 1404/18

അടങ്കൽ – ₹ 2600000/-

അളവു ബുക്ക് നമ്പർ - 994/17-18

ബിൽ നമ്പർ 235/31.1.2019 ₹1655373/-

നിർവഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ.

കട്ടമുടിയിൽ നിന്നും കുഞ്ചിപ്പെട്ടിക്കുടി വരെ ഏകദേശം 2കിലോമീറ്റർ ദൂരം എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കോൺക്രീറ്റ് റോഡിന്റെ തുടർച്ചയായി ഒരു കിലോമീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 6 റീച്ചുകളായി 550 മീറ്ററോളം ഇതിൽ കോൺക്രീറ്റ് ചെയ്തിരിക്കുന്നു. നിലവിലുണ്ടായിരുന്ന 2 കിലോമീറ്റർ റോഡിന്റെ പകുതിയോളം ഭാഗം പൊളിഞ്ഞ് യാത്രയ്ക്ക് യോഗ്യമല്ലാത്ത അവസ്ഥയിലാണ്. പല സ്ഥലങ്ങളിലായി അര കിലോമീറ്ററോളം റോഡ് കോൺക്രീറ്റ് ചെയ്തെങ്കിലും ആദിവാസിക്കുടിയെ പ്രധാന റോഡുമായി ബന്ധിപ്പിക്കുന്നതിനോ ഗതാഗത യോഗ്യമാക്കുന്നതിനോ സാധിച്ചിട്ടില്ല. ആറു റീച്ചുകളിലായി കോൺക്രീറ്റ് ചെയ്തിരിക്കുന്നതിന്റെ ഇടയിൽ കോൺക്രീറ്റ് ചെയ്യാത്ത മൺ റോഡ് പലയിടങ്ങളിലും മഴവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോയ നിലയിലും കുണ്ടും കുഴിയുമായി കാൽനട യാത്രക്കാർക്കുപോലും ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലുമാണെന്ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തി ആദിവാസിക്കുടിയെ പ്രധാന റോഡുമായി ബന്ധിപ്പിച്ച് വാഹന ഗതാഗതം സാദ്ധ്യമാകുന്ന രീതിയിൽ റോഡ് നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിക്കേണ്ടിയിരുന്നത്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയോ ജനറൽ കമ്മറ്റിയോ ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തിയതായി കാണുന്നില്ല. ₹1655373/- ചെലവഴിച്ച നടപ്പാക്കിയ പദ്ധതി നിലവിലുള്ള അവസ്ഥയിൽ ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി മാറിയിരിക്കുകയാണ്. ₹1655373/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.9/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## (4) <u>കോസ്റ്റ് ഇൻഡക്സ് നിരക്ക് മാറിയതനുസരിച്ച് - എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല.</u>

കോസ്റ്റ് ഇൻഡക്സ് നിരക്ക് 59.80%ൽ നിന്ന് 01.10.2017 പ്രാബല്യത്തിൽ 54.90% ആയി കുറഞ്ഞു എങ്കിലും 01.10.2017-ന ശേഷം കരാറിൽ ഏർപ്പെട്ട താഴെപ്പറയുന്ന പദ്ധതികൾക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നില്ല. പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ കോസ്റ്റ് ഇൻഡക്സ് 54.90% ആയി കുറഞ്ഞുവെങ്കിലും ആയത് പരിഗണിക്കാതെ 59.80% കോസ്റ്റ് ഇൻഡക്സിൽ മുമ്പ് തയ്യാറാക്കി വച്ചിരുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. പദ്ധതികളുടെ വിവരങ്ങൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് /നം. അടങ്കൽ തുക ₹ | ബിൽ നം./ തിയതി/ തുക | എഗ്രിമെന്റ് നം. തിയതി | ആകെ പ്രവൃത്തി മൂല്യം ₹ | ഒബ്സർവ്ഡ് ഡേറ്റ പ്രകാരമുള്ള ഇനങ്ങൾക്കുള്ള ചെലവ് ₹ | അനുവദനീയമായ കോസ്റ്റ് ഇൻഡക്സ് 54.9% ഉൾപ്പെടുത്തി നൽകാവുന്ന തുക ₹ | 59.8% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി നൽകിയ തുക ₹ | അധികം അനുവദിച്ച കോസ്റ്റ് ഇൻഡക്സ് ₹ |
|---|---|---|---|---|---|---|---|---|
| 1 | 618/18- ബൈസൻവാലി ഗ്രാമപഞ്ചായത്ത്- പൊട്ടൻകാട്- കാന്താരിപ്പടി റോഡ് ₹1200000/- അളവ് ബുക്ക് നം- 999/17-18 കോൺട്രാക്ടർ- ലേബർ കോൺട്രാക്ട് സൊസൈറ്റി, കുഞ്ചിത്തണ്ണി | 111/AEE/ 31.10.18- ₹1183426 | 257/T/ EE/ LSGD/ IDK/ 17-18 തി.19.12.17 | 1198658 | ഇല്ല | 1167729.74 | 1196658 | 30928 |
| 2 | 900/18 പള്ളിവാസൽ പഞ്ചായത്ത്- | 1)408/17-18, 31.3.18, | 489/T/ EE/ LSGD/ | ₹899780/- | ഇനം-9- ₹19268/-. | 855301 | 877955 | 22624 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തോക്കുപാറ-സൗഹൃദഗിരി കുടിവെള്ള പദ്ധതി ₹1000000 അളവ് ബുക്ക് നം. 1013/17-18 കോൺട്രാക്ടർ-കെ.എൻ.ബിജു | ₹570071/-, 2)63/EE/ 18-19, 31.10.2018, ₹329709/- **ആകെ** ₹899780/- | IDK/ 17-18 തി.8.2.2018 | | ഇനം-15-₹2557/- **ആകെ** ₹21825/- | | | |
| 3 | കൊന്നത്തടി ഗ്രാമ പഞ്ചായത്ത്-കോയിക്കപ്പടി-ഹെൽത്ത് സെന്റർപ്പടി റോഡ് ടാറിംഗ് അളവ് ബുക്ക് നം-1033/17-18 കോൺട്രാക്ടർ-കെ.എൻ. ബിജു | 283/AEE/ 18-19, 19.3.19, ₹842377/- | 219/T/ EE/ LSGD/ IDK/ 17-18 തി.17.12.17 | ₹855408/- | ഇനം നം 4-₹510592/- ഇനം നം.13-₹76356 **ആകെ** ₹586948/- | 268460 | 261533 | 6927 |
| 4 | 418/18-പീരുമേട് ഗ്രാമ പഞ്ചായത്ത്-പാമ്പനാർ സ്കൂൾ ഗ്രൗണ്ട് നിർമ്മാണം അളവ് ബുക്ക് നം-50/17-18, 609/- 17-18 കോൺട്രാക്ടർ-കെ.എ. ചെറിയാൻ | 1)111/AEE/ 17-18-31.3.19, ₹366477/- 2)119/AEE/ 18-19, 31.10.18, ₹535547/- | 221/T/ EE/ LSGD/ IDK/ 17-18 തി.13.12.17 | 902024/- | ഇല്ല **ആകെ** ₹11175.23/- | 902024 | 878750 | 23274 |
| 5 | വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്-വാസുപ്പാറ-ചെമ്പകപ്പാറ റോഡ് റീടാറിംഗ് അളവ്ബുക്ക് നം-50/17-18 കോൺട്രാക്ടർ-സുരേഷ്. കെ.ആർ | 129/18-19, ₹950391/- തി.31.10.18 | 208/T/ EE/ LSGD/ IDK/ 17-18 തി.21.11.17 | 950391 | 24820 | 901689 | 925571 | 23882 |
| 6 | കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് ചുരുളി-ഉപദേശിക്കുന്ന് റോഡ് ടാറിംഗ് അളവ്ബുക്ക് നം-736/17-18, | 42/18-19, ₹726113/- തി.11.7.18 | 252/EE/ LSGD/ IDK/ 17-18 തി.19.12.17 | 726113/- | ഇനം-7-₹8422.73, ഇനം 9-₹2752.50 **ആകെ** ₹11175.23/- | 706234.64 | 724937.77 | 18703 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കോൺട്രാക്ടർ- ജോർജ്ജ് വർക്കി | | | | | | | |
| 7 | ഏലപ്പാറ ഗ്രാമ പഞ്ചായത്ത്- കിഴക്കേ ചെമ്മണ്ണ്- സി.എസ്.ഐ.പടി റോഡ് ടാറിംഗ് അളവ് ബുക്ക് നം- 571/17-18, കോൺട്രാക്ടർ- കെ.എ.ചെറിയാൻ | 231/18-19, ₹806342, തി.11.2.19 | 173/EE/ LSGD/ IDK/17-18 തി.24.10.17 | 806342/- | ഇനം നം.22 ₹2000/- | 783588 | 804342 | 20754 |

01.10.2017 പ്രാബല്യത്തിൽ 54.9% ആയി കുറഞ്ഞ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയായിരുന്ന പദ്ധതിയുടെ നിർവ്വഹണം നടത്തേണ്ടിയിരുന്നത്. കോസ്റ്റ് ഇൻഡക്സിലെ വ്യതിയാനം വരുത്താതെ തുക അനുവദിച്ച് നൽകിയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 മാതൃവന്ദനം-ലക്ഷ്യബോധമില്ലാതെ പദ്ധതി ആസൂത്രണം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 380/19 മാതൃവന്ദനം (എസ്.സി.പി) |
| അടങ്കൽ | ₹20,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ മെഡിക്കൽ ഓഫീസർ -ആയുർവ്വേദം |
| ബിൽ നം,തുക | 1/18-19-₹ 19,40,000/-<br>2/18-19 ₹ 60,000/- |

2018-19-ൽ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരായ ഗർഭിണികൾക്കും ശിശുക്കൾക്കും പരിചരണം നല്കുന്നതിനാണ് പദ്ധതി ആസൂത്രണം നടത്തിയത്. വ്യക്തമായ കാഴ്ചപ്പാടില്ലാതെയും ആവശ്യകത നിർണയിക്കാതെയുമാണ് പദ്ധതി നടപ്പിലാക്കുവാൻ ശ്രമിച്ചത്. മുൻവർഷം പൊതു വിഭാഗത്തിൽപെട്ട വനിതകൾക്കും ശിശുക്കൾക്കുമായി ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ₹100000/- നീക്കിവച്ചതു തന്നെ അധികമായിരുന്നുവെന്ന വിലയിരുത്തൽ ഉള്ളപ്പോഴാണ് പട്ടികജാതിയിലുൾപ്പെട്ടവർക്കു മാത്രമായി തൻവർഷം ₹2000000/- വകയിരുത്തിയത്. 17/12/2018-ലെ ബൈസൺവാലി ആയുർവ്വേദ ഡിസ്പെൻസറി മെഡിക്കൽ ഓഫീസറുടെ കത്തിൽ 2017-18-ൽ ലഭിച്ച ഒരു ലക്ഷം രൂപയുടെ മരുന്നിൽ പകുതിയോളം സ്റ്റോക്ക് ഇരിക്കുന്നതിനാൽ 2018-19-ൽ ഈയിനത്തിൽ തങ്ങൾക്ക് മരുന്ന് ആവിശ്യമില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ, തൻ വർഷവും ഈ സ്ഥാപനത്തിന് ₹30000/-യുടെ മരുന്ന് അനുവദിച്ചിട്ടുണ്ട്. പൈനാവ് ആയുർവേദ മൊബൈൽ ഡിസ്പെൻസറി 09/04/2019-ലെ സി--31/19കത്ത് പ്രകാരം തങ്ങൾക്ക് ലഭിച്ച മരുന്ന് നിരാകരിക്കുകയും മരുന്നുകൾ തിരികെ എടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുകയും ചെയ്തു. ഈ മരുന്നുകൾ പിന്നീട് പാറേമാവ്, കല്ലാർ ആശുപത്രികൾക്ക് വിതരണം ചെയ്യുകയാണുണ്ടായത്. വ്യക്തമായ കാഴ്ചപ്പാടുകളോ പഠനമോ കൂടാതെ പദ്ധതികൾ ആവിഷ്കരിക്കുന്നതു മൂലമാണ് പദ്ധതി നിർവ്വഹണത്തിൽ വീഴ്ച ഉണ്ടായത്.

പദ്ധതി നടത്തിപ്പിലെ അനവധാനത മൂലം 21/03/2019-ൽ മാത്രമാണ് മരുന്നുകൾക്കായി ഔഷധിയിലേയ്ക്ക് തുക നല്കുവാൻ സാധിച്ചത്. 2018-19-ൽ പട്ടികജാതിയിലുൾപ്പെട്ട ഗർഭിണികൾക്കും ശിശുക്കൾക്കും പരിചരണം നല്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി കൊണ്ട് ആ വർഷം ഒരാൾക്ക് പോലും പ്രയോജനം ഉണ്ടായില്ല. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികൾ ആസൂത്രണത്തിലെ അപാകതകൾ മൂലം നടപ്പിലാക്കുവാൻ സാധിക്കാത്തത് ഗൗരവതരമാണ്.

ജില്ലയിലെ 60 സ്ഥാപനങ്ങളിലായി ₹19,40,000/-യുടെ ഔഷധങ്ങൾ വിതരണം നടത്തുവാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. നാളിതുവരെ ഓരോ സ്ഥാപനത്തിലും ലഭിച്ച ഔഷധങ്ങളുടെ വിശദാംശം ചുവടെ നല്കുന്നു.

| ക്രമ നം | സ്ഥാപനം | അനുവദിച്ച തുക | ലഭിച്ച ഔഷധങ്ങളുടെ വില |
|---|---|---|---|
| 1 | ഡിഎഎച്ച്, പാറേമാവ് | 100000 | 0 |
| 2 | ജിഎഎച്ച്,കല്ലാർ | 70000 | 49279 |
| 3 | ജി എ ഡി, ആലക്കോട് | 30000 | 20992 |
| 4 | ജി എ ഡി, ആനച്ചാൽ | 30000 | 19008 |
| 5 | ജി എ ഡി, അറക്കുളം | 30000 | 0 |
| 6 | ജി എ ഡി, ബൈസൺവാലി | 30000 | 19008 |
| 7 | ജി എ ഡി, ചേലച്ചുവട് | 30000 | 0 |
| 8 | ജി എ ഡി, ചെമ്മണ്ണാർ | 30000 | 20992 |
| 9 | ജി എ ഡി, ചിന്നക്കനാൽ | 30000 | 19008 |
| 10 | ജി എ ഡി, ദേവികുളം | 40000 | 27965 |
| 11 | ജി എ ഡി, ഇരട്ടയാർ | 30000 | 0 |
| 12 | ജി എ ഡി, ഏഴല്ലൂർ | 30000 | 0 |
| 13 | ജി എ ഡി, കാമാക്ഷി | 30000 | 0 |
| 14 | ജി എ ഡി, കാഞ്ചിയാർ | 30000 | 10672 |
| 15 | ജി എ ഡി, കഞ്ഞിക്കുഴി | 30000 | 20992 |
| 16 | ജി എ, ഡികാന്തല്ലൂർ | 30000 | 20992 |
| 17 | ജി എ ഡി, കരടിക്കുഴി | 30000 | 0 |
| 18 | ജി എ ഡി, കരിമണ്ണൂർ | 30000 | 19008 |
| 19 | ജി എ ഡി, കരിംകുന്നം | 30000 | 19008 |
| 20 | ജി എ ഡി, കോടിക്കുളം | 30000 | 0 |
| 21 | ജി എ ഡി, കൊക്കയാർ | 30000 | 0 |
| 22 | ജി എ ഡി, കുടയത്തൂർ | 30000 | 12766 |
| 23 | ജി എ ഡി, കുമളി | 30000 | 16362 |
| 24 | ജി എ ഡി, മറയൂർ | 40000 | 19540 |
| 25 | ജി എ ഡി മ്ളാമല | 30000 | 19008 |
| 26 | ജി എ ഡി, മൂന്നാർ | 40000 | 24327 |
| 27 | ജി എ ഡി, മുട്ടം | 30000 | 19008 |
| 28 | ജി എ ഡി, മുള്ളരിങ്ങാട് | 30000 | 19008 |
| 29 | ജി എ ഡി, പച്ചടി | 30000 | 19008 |
| 30 | ജി എ ഡി, പള്ളിവാസൽ | 30000 | 19008 |
| 31 | ജി എ ഡി, പെരിഞ്ചാംകുട്ടി | 30000 | 16362 |

| | | | |
|---|---|---|---|
| 32 | ജി എ ഡി, പെരുവന്താനം | 30000 | 0 |
| 33 | ജി എ ഡി, പുതുപ്പരിയാരം | 30000 | 11869 |
| 34 | ജി എ, ഡിപൂപ്പാറ | 30000 | 11869 |
| 35 | ജി എ ഡി, രാജക്കാട് | 30000 | 0 |
| 36 | ജി എ ഡി, രാജകുമാരി | 30000 | 12420 |
| 37 | ജി എ ഡി, ഉടുമ്പന്നൂർ | 30000 | 11691 |
| 38 | ജി എ ഡി , ഉപ്പുതോട് | 30000 | 12420 |
| 39 | ജി എ ഡി, വരിക്കമുത്തൻ | 30000 | 0 |
| 40 | ജി എ ഡി ,വാത്തിക്കുടി | 30000 | 11869 |
| 41 | ജി എ ഡി ,വഴിത്തല | 30000 | 0 |
| 42 | ജി എ ഡി, വട്ടവട | 30000 | 11691 |
| 43 | ജി എ ഡി, വണ്ടൻമേട് | 30000 | 12420 |
| 44 | ജി എ ഡി, വെള്ളിയാമറ്റം | 30000 | 11869 |
| 45 | ജി എ എംഡി, പൈനാവ് | 30000 | 0 |
| 46 | ജി എ ടി ഡി, ചമ്പക്കാട് | 30000 | 11869 |
| 47 | ജിഎ ടി ഡി, കാഞ്ചിയാർ | 30000 | 11869 |
| 48 | ജിഎടി ഡി ,കുരുതിക്കളം | 30000 | 0 |
| 49 | ജിഎ ടി ഡി, മന്നാങ്കണ്ടം | 30000 | 12420 |
| 50 | ജിഎ ടി ഡി, നാളിയാനി | 30000 | 0 |
| 51 | എൻ എച്ച് എം, മാങ്കുളം | 30000 | 0 |
| 52 | എൻ എച്ച് എം, അയ്യപ്പൻകോവിൽ | 30000 | 0 |
| 53 | എൻ എച്ച് എം, ചക്കുപള്ളം | 30000 | 0 |
| 54 | എൻ എച്ച് എം, ഇടവെട്ടി | 30000 | 12420 |
| 55 | എൻ എച്ച് എം, ഏലപ്പാറ | 30000 | 12420 |
| 56 | എൻ എച്ച് എം, കരുണാപുരം | 30000 | 0 |
| 57 | എൻ എച്ച് എം, കൊന്നത്തടി | 30000 | 11869 |
| 58 | എൻ എച്ച് എം, ഉടുമ്പൻചോല | 30000 | 0 |
| 59 | എൻ എച്ച് എം, അടിമാലി | 30000 | 0 |
| 60 | എൻ എച്ച് എം, ഉപ്പുതറ | 30000 | 0 |
| | **ആകെ** | 1960000 | 644784 |

₹19,40,000/- മരുന്നിനുവേണ്ടി ഔഷധിക്ക് നൽകിയെങ്കിലും നാളിതുവരെ ലഭ്യമായത് ₹6,44,784/-യുടെ ഔഷധങ്ങൾ മാത്രമാണ്. വനിതാവികസനം, പട്ടികജാതി വികസനം, ആരോഗ്യം തുടങ്ങിയ വികസന മേഖലകളുമായി ബന്ധപ്പെട്ട പ്രോജക്ട് ആണെങ്കിലും ഈ

വർക്കിംഗ് ഗ്രൂപ്പുകളോ ആരോഗ്യവും വിദ്യഭ്യാസവും സ്റ്റാന്റിംഗ് കമ്മറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പദ്ധതി രൂപീകരണത്തിലോ മോണിറ്ററിംഗിലോ ശ്രദ്ധിച്ചിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥന് ആവശ്യമായ നിർദേശം നൽകി പദ്ധതി നിർവഹണത്തിൽ നേതൃപരമായ പങ്കു വഹിക്കുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്കു സാധിക്കാതിരുന്നതിനാലാണ് പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നത്. മേൽ സാഹചര്യത്തിൽ ₹ 12,95,216/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന തുകയുടെ ഔഷധങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കുവാനും ഭരണസമതിയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ജവഹർ ഭവനപദ്ധതി - രേഖകൾ സൂക്ഷിക്കാതെ കോടികൾ പലിശ ഒടുക്കുന്നു. ചെലവ് തടസം-₹ 18200000/-

പ്രോജക്ട് നമ്പർ - 1418/18-19

ചെക്ക് നമ്പർ - 303264/22.3.2019 ₹1,82,00,000/-

ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ No. L/INDLS/JAWAHAR/HL/66/2018-19 (തീയതി ഇല്ല) കത്തു പ്രകാരം ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളിൽ നിന്നും വിവിധ ഗ്രാമ പഞ്ചായത്തുകൾ എടുത്ത ഭവന വായ്പയുടെ 2018-2019 വർഷത്തെ പലിശയായി ₹2,35,86,689/- ഡിമാന്റ് ചെയ്തിരിക്കുന്നു. ജില്ലാപഞ്ചായത്ത് പ്രോജക്ടിൽ വകയിരുത്തിയിരുന്ന ₹1,82,00,000/- യാണ് ഒടുക്കിയത്. 2016-2017 വർഷം ₹90,32000/-യും 2017-2018 വർഷം ₹2,52,78,187/-യുമാണ് ഈയിനത്തിൽ ഒടുക്കിയത്. 11% പലിശ നിരക്കിൽ 5% പലിശയാണ് ജില്ലാപഞ്ചായത്തിന്റെ വിഹിതം. ബാങ്കിന്റെ ഏതൊക്കെ ശാഖകളിൽ നിന്നും ഏതെല്ലാം ഗ്രാമ പഞ്ചായത്തുകൾ എത്ര രൂപ വീതം വായ്പ എടുത്തിട്ടുണ്ടെന്നോ ഓരോ വർഷവും തിരിച്ചടക്കുന്ന മുതലും നീക്കിയിരിപ്പും എത്രയെന്നോ പലിശയിനത്തിൽ ജില്ലാപഞ്ചായത്തിന്റെ വിഹിതം എത്രയെന്നോ ഉള്ള യാതൊരു വിവരവും ജില്ലാപഞ്ചായത്തിൽ ലഭ്യമല്ല. വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പൂർണമായ വിവരശേഖരണം നടത്തി വായ്പാരജിസ്റ്റർ തയ്യാറാക്കി ഒടുക്കുന്ന തുകയുടെ കൃത്യത സസൂക്ഷ്മം നിരീക്ഷിക്കേണ്ടതാണ്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ₹1,82,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.29/20.12.2019-ന് മറുപടി ലഭ്യമായിട്ടില്ല.

## 1-21 വൈദ്യുതീകരണത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല - ₹ 251719/-യുടെ ചെലവ് തടസ്സം.

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ 1287/19 ചെന്നാപ്പാറ ജലസേചനം വൈദ്യുതീകരണത്തിനായി ബിൽ നമ്പർ 28/30.1.19 പ്രകാരം ₹2,51,719/- അസിസ്റ്റന്റ് എൻജിനീയർ, കെ എസ് ഇ ബി, പൈനാവ് -ക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ഔദ്യോഗിക രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമായിട്ടില്ല. കെ എസ് ഇ ബി യുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. രേഖകൾ ലഭ്യമല്ലാത്തതിനാൽ ₹2,51,719/- യുടെ ചെലവു തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ലൈഫ് മിഷൻ പദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല ₹ 13,87,75,604/-യുടെ ചെലവു തടസ്സം.

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ലൈഫ് മിഷൻ പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുക ചെലവഴിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ചെലവു തടസ്സപ്പെടുത്തുന്നു. .

| ക്ര. നം. | പ്രോജക്ട് നമ്പരും പേരും | ബിൽ നമ്പരും തീയതിയും | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 365/19<br>ലൈഫ് മിഷൻ | 1/14.9.18 | 23874600 | വിവിധ ഗ്രാമപഞ്ചായത്തുകൾ |
| 2 | 367/19<br>ലൈഫ് മിഷൻ | 2/14.9.18 | 8739800 | വിവിധ ഗ്രാമപഞ്ചായത്തുകൾ |
| 3 | 363/19<br>ലൈഫ് മിഷൻ | 3/14.9.18 | 26540269 | വിവിധ ഗ്രാമപഞ്ചായത്തുകൾ |
| 4 | 363/19 | 4/14.9.18 | 28605461 | വിവിധ |

| | | | | |
|---|---|---|---|---|
| | ലൈഫ് മിഷൻ | | | ഗ്രാമപഞ്ചായത്തുകൾ |
| 5 | 363/19<br>ലൈഫ് മിഷൻ | 5/20.9.18 | 29326670 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 6 | 1329/19<br>പി എം എ യു (ജനറൽ) | 6/13.11.18 | 1000000 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 7 | 959/19<br>ലൈഫ് മിഷൻ | 7/28.12.18 | 4857581 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 8 | 959/19<br>ലൈഫ് മിഷൻ | 8/28.12.18 | 4772386 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 9 | 959/19<br>ലൈഫ് മിഷൻ | 9/28.12.18 | 3249376 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 10 | 960/19<br>ലൈഫ് മിഷൻ | 10/28.12.18 | 3673251 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 11 | 960/19<br>ലൈഫ് മിഷൻ | 11/28.12.18 | 4005410 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| 12 | 1467/19<br>പി എം എ യു (ജനറൽ) | 12/21.3.19 | 130800 | വിവിധ<br>ഗ്രാമപഞ്ചായത്തുകൾ |
| | ആകെ | | 138775604 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ചെലവു തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ-പദ്ധതി ചെലവ് 18 ശതമാനം

2018-19-ൽ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ₹1,59,96,000/-യുടെ പദ്ധതികൾ ആവിഷ്കരിച്ചു. എന്നാൽ ₹29,99,923/- മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ഇതാകട്ടെ വകമാറ്റി നൽകിയ വിഹിതമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | പ്രോജക്ട് നം.148 HIVബാധിതർക്ക് പോഷകാഹാരവിതരണം | 10,00,000 | 9,99,923 |
| 2 | പ്രോജക്ട് നം.1257 ഭിന്നശേഷിയുള്ളവർക്ക്<br>സ്കോളർഷിപ്പ് | 20,00,000 | 20,00,000 |
| 3 | പ്രോജക്ട് നം.799<br>ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം (ജനറൽ)<br>സ്പിൽ ഓവർ | 74,20,000 | 0 |
| 4 | പ്രോജക്ട് നം.800<br>ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം (പട്ടികജാതി)<br>സ്പിൽ ഓവർ | 30,76,000 | 0 |
| 5 | പ്രോജക്ട് നം.1255<br>സമ്പൂർണ്ണ കേഴ്വി | 25,00,000 | 0 |
| | ആകെ | 1,59,96,000 | 29,99,923 |

ക്രമനം 2, 3 എന്നിവയായി സൂചിപ്പിച്ചിരിക്കുന്ന യഥാക്രമം ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ്, ഭിന്നശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം എന്നീ പ്രോജക്ടുകൾ മുൻ വർഷം രൂപീകരിച്ചിരുന്നെങ്കിലും തുക ചെലവഴിക്കാൻ സാധിക്കാതെ വന്നവയാണ്. പഞ്ചായത്ത് തല സ്ഥിതി വിവരക്കണക്കുകളും നിലവിലുള്ള അവസ്ഥാറിപ്പോർട്ടും പരിശോധനക്ക് വിധേയമാക്കാതെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും പ്രവർത്തനം സജീവമാക്കാതെയും പദ്ധതി രൂപീകരിക്കുന്നതു മൂലമാണ് അനുയോജ്യമല്ലാത്തതും അപ്രായോഗികവുമായ പദ്ധതികൾ ഏറ്റെടുക്കേണ്ടി വരുന്നത്.സർക്കാർ ഉത്തരവ് പ്രകാരം ഒരാൾക്ക് ₹50000/-വരെ വ്യക്തിഗത സഹായം നൽകാവുന്ന പദ്ധതിയാണ് സമ്പൂർണ്ണ കേഴ്വി. ഈ പ്രോജക്ടിലും മുച്ചക്ര വാഹനം നൽകുന്ന പ്രോജക്ടിലും ഒരാൾക്കും സഹായം നൽകുവാൻ സാധിച്ചിട്ടില്ല. 18 ശതമാനം മാത്രമാണ് പദ്ധതി ചെലവ്. പദ്ധതി തയ്യാറാക്കുന്നതിനുള്ള സർക്കാർ മാർഗരേഖ 29.01.2018 ലെ സ.ഉ (കൈ) നം. 11/2018/തസ്വഭവ പ്രകാരമുള്ള നിർദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ രൂപീകരിച്ചാൽ ഇങ്ങനെയുള്ള വീഴ്ചകൾ ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-24 മൃഗ സംരക്ഷണ മേഖലയിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ തുടർച്ചയായി പരാജയപ്പെടുന്നു.

ഇടുക്കി ജില്ലയിലെ ബഹു ഭൂരിപക്ഷം കർഷകരും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. കാലാവസ്ഥയുടെ തകിടം മറിച്ചിലും, കാർഷിക വിളകളുടെ വിലതകർച്ചയിലും ബുദ്ധിമുട്ടുന്ന കർഷകർക്ക് കൈത്താങ്ങാവുന്നതിനാണ് പ്രാദേശിക ഗവൺമെന്റുകൾ ഈ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. എന്നാൽ ആസൂത്രണത്തിലെ പാളിച്ച മൂലം ഇടുക്കി ജില്ലാ പഞ്ചായത്ത് മൃഗ സംരക്ഷണ മേഖലയിൽ ആവിഷ്കരിക്കുന്ന പദ്ധതികൾ തുടർച്ചയായി പരാജയപ്പെടുകയാണ്. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|
| പ്രോജക്ട്നം.442/19<br>ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് മരുന്ന് വാങ്ങൽ സ്പിൽ ഓവർ | 10,00,000 | 0 |
| പ്രോജക്ട്നം.1317/19 ക്ഷീര സമൃദ്ധി സ്പിൽ ഓവർ | 50,00,000 | 0 |
| പ്രോജക്ട്നം.1286/19<br>ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് മരുന്ന് വാങ്ങൽ | 5,00,000 | 0 |
| പ്രോജക്ട്നം.1322/19<br>ജില്ലാമൃഗാശുപത്രി ക്ലിനിക്കിൽ ഉപകരണങ്ങൾ വാങ്ങൽ | 2,50,000 | 2,38,000 |
| **ആകെ** | 67,50,000 | 2,38,000 |

പ്രോജക്ട്നം 442/19 ജില്ലാ വെറ്ററിനറി കേന്ദ്രത്തിന് മരുന്ന് വാങ്ങൽ,പ്രോജക്ട്നം 1317/19 ക്ഷീര സമൃദ്ധി എന്നീ പദ്ധതികൾ മുൻവർഷം ആവിഷ്കരിച്ചതാണെങ്കിലും നാമമാത്ര തുക പോലും ചെലവഴിക്കാൻ സാധിക്കാതെ 2018-19 ലേയ്ക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയതാണ്. ക്ഷീര സമൃദ്ധി പദ്ധതി 2016-17 മുതൽ സ്പിൽ ഓവറായി തുടരുന്നു. നിരവധി ക്ഷീരകർഷകർക്ക് പ്രയോജനപ്പെടേണ്ട ഈ പദ്ധതികളിൽ നിന്ന് ഒരു രൂപ പോലും ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല.

ക്ഷീരസമൃദ്ധി പദ്ധതിപ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായുള്ള പർച്ചേസ് കമ്മറ്റി ഗുണനിലവാരമുള്ള കറവ പശുക്കളെ ബാങ്ക് ലോൺ ലഭ്യത ഉറപ്പുവരുത്തി കർഷകർക്ക് 15000/-രൂപ സബ്സിഡിയോടു കൂടി വാങ്ങി നല്കുകയാണ് ചെയ്യേണ്ടത്. മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായുള്ള പർച്ചേസ് കമ്മറ്റി രൂപീകരിച്ചതിൽ യാതൊരു അറിവും ഇല്ലെന്ന് ഡെപ്യൂട്ടി ഡയറക്ടർ തന്നെ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ്, ഗുണഭോക്താവിന്റെ അപേക്ഷ, കരാർ, പർച്ചേസ് കമ്മറ്റിയെ തിരഞ്ഞെടുത്തതിന്റെ വിവരങ്ങൾ, പർച്ചേസ് കമ്മറ്റി പശുക്കളെ വാങ്ങിയതിന്റെ വിശദാംശങ്ങൾ തുടങ്ങി യാതൊരു രേഖകളും നിർവഹണ ഉദ്യോഗസ്ഥനായ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 01/25.01.2019-ന് മറുപടി നല്കിയിട്ടുണ്ട്. 2016-17-ൽ 1.50 കോടി രൂപ അടങ്കൽ ആയി ആവിഷ്കരിച്ച പദ്ധതി 2018-19-ൽ എത്തുമ്പോൾ അടങ്കൽ തുക ₹50 ലക്ഷമായി കുറഞ്ഞിട്ടുണ്ട്. മൃഗ സംരക്ഷണമേഖലയിൽ അനുവദിച്ച തുകയുടെ 3 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. പ്രോജക്ട് നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ സഹായങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കി പൂർത്തീകരണം ഉറപ്പാക്കുവാൻ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കും ജില്ലാ പഞ്ചായത്ത് ഭരണസമിതിക്കും സാധിച്ചിട്ടില്ല. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-25 വിദ്യാഭ്യാസ മേഖലയിൽ ആവിഷ്ക്കരിച്ച പദ്ധതികൾ ഒന്നും നടപ്പാക്കിയില്ല.

ആകെ ₹26,25,000/-അടങ്കലുള്ള അഞ്ച് പദ്ധതികൾ വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിരുന്നു. ഇതിൽ ഒരെണ്ണം പോലും നടപ്പാക്കുവാൻ സാധിച്ചില്ല എന്നത് പദ്ധതി രൂപീകരണത്തിലെ ഗുരുതരമായ വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|
| പ്രോജക്ട് നമ്പർ 146/18-19<br>എസ്.എസ്.എൽ.സി.സായാഹ്നക്ലാസ് | 1000000 | 0 |
| പ്രോജക്ട് നമ്പർ 1280/18-19<br>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്-റിഫ്രഷ്മെന്റ് ചാർജ് | 1000000 | 0 |
| പ്രോജക്ട് നമ്പർ 1283/18-19<br>ലാബ് സാമഗ്രികൾ വാങ്ങൽ-ചോറ്റുപാറ സ്കൂൾ | 200000 | 0 |
| പ്രോജക്ട് നമ്പർ 1346/18-19<br>കഞ്ഞിക്കുഴി ജി.എച്ച്.എസ് ആൽപ്പാറ ഫർണിച്ചർ വാങ്ങൽ | 200000 | 0 |
| പ്രോജക്ട് നമ്പർ 1497/18-19-സൗഹൃദ പൂന്തോട്ടം | 225000 | 0 |
| ആകെ | 2625000 | 0 |

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന ജില്ലയിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സഹായകരമായ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കാതെ പോയതിന്റെ കാരണം വിലയിരുത്തി അപാകതകൾ തിരുത്തുവാൻ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-26 വിദ്യാലയങ്ങളിലെ പ്രവർത്തികൾ വിഭജിച്ച് നടത്തുന്നു.

ജില്ല പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം വിദ്യാലയങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഒരു വിദ്യാലയത്തിലെ ഒരേ തരത്തിലുള്ളതു വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഭാഗികമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. ഒരേ സ്ഥലത്തുള്ള പ്രവൃത്തിക്കായി ഒന്നിലധികം എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് പ്രോജക്ടുകളുടെ രൂപീകരണത്തിനും പദ്ധതി പൂർത്തീകരണത്തിനും കൂടുതൽ സമയമെടുക്കുന്നതിനും ഗുണനിലവാരം കുറയുന്നതിനും സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാൻ സാധിക്കാതെ വരുന്നതിനും ഇടയാക്കും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | പ്രവർത്തി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കല്ലാർകുട്ടി ഗവൺമെന്റ് ഹൈസ്കൂൾ<br>മെയിന്റനൻസ്-199/18 | 1000000 | 785356 | മുറ്റത്ത് ടൈൽ പാകൽ, ചുറ്റുമതിൽ |
| | കല്ലാർകുട്ടി ഗവൺമെന്റ് സ്കൂൾ<br>കെട്ടിട നിർമ്മാണം പൂർത്തീകരണം | 1000000 | 944971 | മുറ്റത്ത് ടൈൽ പാകൽ, ലൈബ്രറി<br>കെട്ടിടം ടൈൽ പാകൽ,<br>പെയിന്റിംഗ് |
| 2 | പണിക്കൻകുടി ഗവൺമെന്റ് ഹയർ<br>സെക്കണ്ടറി സ്കൂൾ അറ്റകുറ്റപ്പണി | 1000000 | 933782 | ടൈൽ പാകൽ, പെയിന്റിംഗ്,<br>ടൊയ്‌ലെറ്റ് നിർമ്മാണം |
| | സ്മാർട് ക്ലാസ് റൂം പണിക്കൻകുടി<br>ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ | 300000 | 282600 | ക്ലാസ് മുറികളിലും വരാന്തയിലും<br>ടൈൽ പാകൽ |

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ നിശ്ചിത പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യത്തിന്റെ അഭാവം

ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം വിദ്യാർഥികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി സന്ദർശിച്ച സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1. <u>വെള്ളത്തൂവൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ</u>



സ്കൂളിന്റെ ലാബ് കെട്ടിടത്തിന്റെ ഒരു വശത്തെ തറയോട് ചേർന്ന ഭാഗം 2018 ലെ കാലവർഷത്തിൽ ഇടിഞ്ഞു കെട്ടിടം അപകടാവസ്ഥയിലാണ്. നിലവിൽ ഹയർ സെക്കൻണ്ടറി ലാബ് പ്രവർത്തിക്കുന്നത് സ്കൂൾ ലൈബ്രറി മുറിയിലാണ്. ഹയർ സെക്കൻണ്ടറിയിൽ സയൻസ് ബാച്ചിൽ രണ്ട് വർഷങ്ങളിലായി 70 കുട്ടികൾ പഠിക്കുന്നുണ്ട്. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങൾക്ക് ഓരോ ലാബുകൾ വേണ്ടയിടത്താണ് ഒരു മുറിയിലെ പരിമിതമായ സൗകര്യത്തിൽ കുട്ടികൾ മേൽ വിഷയങ്ങളിലെ ലാബുകൾ ഉപയോഗിക്കുന്നത്. ലാബ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്ന രാസവസ്തുക്കളും മറ്റ് ഉപകരണങ്ങളും കുട്ടികളും അദ്ധ്യാപകരും ദുർഘടമായ വഴിയിലൂടെ മുന്നൂറ് മീറ്ററോളം ദൂരത്തുള്ള ലൈബ്രറി മുറിയിലേക്ക് പരീക്ഷണങ്ങൾക്കായി കൊണ്ട് പോകുകയാണ് ചെയ്യുന്നത്. അതീവ സുരക്ഷയോടെ കൈകാര്യം ചെയ്യേണ്ട രാസവസ്തുക്കളും ഉപകരണങ്ങളും ഇപ്രകാരം കൊണ്ടുപോകുന്നതത് അപകടകരമാണ്. ലാബ് കെട്ടിടത്തിലും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ലാബ് റൂമുകളുടെ ജനലുകൾ തകർന്നതിനാൽ അപകടകാരികളായ രാസവസ്തുക്കൾ സൂക്ഷിച്ചിരിക്കുന്നത് സുരക്ഷിതത്വം ഇല്ലാതെയാണ്. അടിയന്തിരമായി അറ്റകുറ്റപ്പണി നടത്തി സംരക്ഷണ ഭിത്തി കെട്ടിയില്ലെങ്കിൽ ഏത് നിമിഷവും കെട്ടിടം നിലം പതിക്കുന്നതിനും അപകടം സംഭവിക്കുന്നതിനും ഇടയാവും.

2. <u>പുറ്റടി എൻ.എസ്.പി. എച്ച്.എസ്.എസ്</u>



പുറ്റടി എൻ.എസ്.പി. ഹയർസെക്കണ്ടറി സ്കൂളിന്റെ ലാബ് കെട്ടിത്തിന്റെ ജനലുകൾ തകർന്ന് കിടക്കുന്നതിനാൽ ലാബിൽ സൂക്ഷിച്ചിട്ടുള്ള രാസവസ്തുക്കളും ഉപകരണങ്ങളും നശിക്കുന്നതിനും അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യും. ലാബുകൾ പരിശോധിച്ചതിൽ ലാബുകൾ പ്രവർത്തിക്കുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഒരുക്കിയിട്ടില്ല. കെമിസ്ട്രി, ബയോളജി ലാബുകളിൽ ഉപയോഗിക്കേണ്ടതും സുരക്ഷിതമായും നിശ്ചിത നിലയിലും സൂക്ഷിക്കേണ്ട രാസവസ്തുക്കൾ ലാബ് മുറികളിൽ അലക്ഷ്യമായി സൂക്ഷിച്ചിട്ടുള്ളത്. തുറസായ മുറികളിൽ രാസവസ്തുക്കളും ഉപകരണങ്ങളും സൂക്ഷിച്ചിട്ടുള്ളത് അപകടത്തിനും സാമൂഹ്യ വിരുദ്ധരുടെ കയ്യേറ്റത്തിനും ഇടയാക്കാം. സ്കൂളിലെ ലോവർ പ്രൈമറി, അപ്പർ പൈമറി, ഹൈസ്കൂൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്ന കെട്ടിങ്ങളുടെ മേൽക്കൂരകൾ കാലപ്പഴംക്കം മൂലം മേൽക്കൂര ജീർണിച്ച് ചോർന്നൊലിക്കുന്നു. ഹയർസെക്കണ്ടറിയുടെ രണ്ട് ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്നത് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത ജീർണ്ണിച്ച കെട്ടിടത്തിലാണ്. കാലപ്പഴക്കം മൂലം കെട്ടിടത്തിന്റെ മേർക്കൂരയും ജനലുകലും വാതിലുകലും തകർന്ന അവസ്ഥയിലാണ്.

### 3. ഗവൺമെന്റ് ഹൈസ്ക്കൂൾ, മുക്കുടം

സ്കൂളിന്റെ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന പഴയ കെട്ടിടം ജീർണിച്ചും മേൽക്കൂരയിലെ ഓടുകൾ പലതും നശിച്ച തിനാലും ഇടിഞ്ഞ് വീഴുന്ന സ്ഥിതിയിലാണ്.

### 4. ഗവൺമെന്റ് ഹയർസെക്കണ്ടറി സ്ക്കൂൾ, പതിനാറാംകണ്ടം

ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നീ വിഷയങ്ങൾക്ക് ലാബ് സൗകര്യം ഒരുക്കേണ്ടയിടത്ത് ബോട്ടണി, സുവോളജി വിഷയങ്ങൾക്ക് ലാബ് സൗകര്യം ഇല്ല. ഫിസിക്സ്, കെമിസ്ട്രി ലാബുകളിലാണ് ഈ വിഷയങ്ങളുടെ ലാബുകൾ പ്രവർത്തിക്കുന്നത്. ലാബുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും ഒരുക്കിയിട്ടില്ല. സ്കൂളിൽ ലൈബ്രറി സൗകര്യം ഇല്ലാത്തതിനാൽ ബ്ലോക്ക് റിസോഴ്സ് സെന്ററിന്റെ മുറിയിലാണ് പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളത്.

### 5. ഗവൺമെന്റ് ഹൈസ്ക്കൂൾ കല്ലാർകുട്ടി

രാജാക്കാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, നെടുങ്കണ്ടം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളിലെ ലാബുകൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകളുടെ വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>ഭാഗം 2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

-ഇല്ല-

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പുറ്റടി നെഹ്റു സ്മാരക സ്കൂൾ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മാണം.-അധികതുക നല്കി. ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1316/18<br>326/19 |
| അടങ്കൽ | ₹15,00,000/- |
| ബിൽ നം | 300/AEE/ 20.03.19 ₹13,93,148/- |
| എം.ബുക്ക് നമ്പർ | 2188/18-19 |
| കൺവീനർ | ശ്രീ.ടി.വി എബ്രാഹം |

2017-18 ൽ ആവിഷ്കരിച്ച പ്രവർത്തി സ്പിൽ ഓവറായി 2018-19 ലാണ് നിർവ്വഹണം നടത്തിയത്. വണ്ടന്മേട് ഗ്രാമപഞ്ചായത്തിലെ പുറ്റടി നെഹ്റു സ്മാരക സ്കൂളിൽ ഗേൾസ് കൗൺസിലിംഗ് സെന്റർ നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടറിലൂടെ നിർവ്വഹണം നടത്തുവാൻ ആവിഷ്കരിച്ച പദ്ധതി പിന്നീട് ഗുണഭോക്തൃസമിതിവഴി നടത്തുവാൻ തീരുമാനിക്കുകയായിരുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ ഒരു വശത്തുകൂടി സ്റ്റെയർകെയ്സ് പണിത് മുകൾ നിലയിൽ കൗൺസലിംഗ് സെന്റർ നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ്. കെട്ടിടം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാനിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1. <u>ഭിത്തിയുടെ അളവ് കൂടുതലായി രേഖപ്പെടുത്തി.</u>

അളവ് പുസ്തകത്തിൽ ഇനം18 ആയി രേഖപ്പെടുത്തിയിട്ടുള്ള ഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയിൽ, ഭൂനിരപ്പ് നിലയിൽ നിലവിലുണ്ടായിരുന്ന ഒരു ഭിത്തിയുടെ അളവുകൾ വീണ്ടും ഉൾപ്പെടുത്തിയാണ് ആകെ അളവ് നിർണയിച്ചത്. അതായത് 1 x 5.76m x 0.15m x 3m =2.59m3 അളവിലുള്ള ഇഷ്ടിക കെട്ട് അധികമായി രേഖപ്പെടുത്തി.

### 2. <u>ജനലുകളുടെ അളവ് കുറവ് ചെയ്തില്ല.</u>

പ്രസ്തുത പ്രവൃത്തിയിൽ 7 ജനലുകളാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഭിത്തിയുടെ വിസ്തൃതിയിൽ 2 ജനലുകളുടെ അളവ് മാത്രമാണ് കുറവ് ചെയ്തത്. 5 ജനാലകളുടെ അളവിന് തുല്യമായ ഇഷ്ടിക കെട്ട് 5 x 1 m x 0.15m x 1.35m = 1.01m3 അധികം രേഖപ്പെടുത്തി. ഇപ്രകാരം മേൽ രണ്ടിനങ്ങളിലുമായി 2.59 m3+ 1.01 m3 = 3.60m3 ഇഷ്ടിക കെട്ടിന് ₹ 5813.01/m3നിരക്കിൽ ₹20926.84 അധികമായി നല്കി.

### 3. <u>പ്ലാസ്റ്ററിംഗ് അളവ് അധികമായി രേഖപ്പെടുത്തി.</u>

ഇനം 19 ആയി ചെയ്ത 12mm കനത്തിൽ ഭിത്തി സിമന്റ് പ്ലാസ്റ്ററിംഗ് എന്ന പ്രവൃത്തിയിലും അധികമായി അളവ് രേഖപ്പെടുത്തലുണ്ടായിട്ടുണ്ട്.

എ) ഭൂനിരപ്പിലെ നിലവിലുള്ള കെട്ടിടത്തിന്റെ ഭിത്തി ഒരു വശം അധികമായി ഉൾപ്പെടുത്തിയതുമൂലം വന്ന അളവ്

1 x 5.76 m x 3 m = 17.28 m2

ബി) 5 ജനലുകളുടെ അളവ് ഒഴിവാക്കാതിരുന്നതുമൂലം വന്ന അധിക അളവ്

( 5 x 1 m x 1.35m ) 2 = 13.50 m2

ആകെ 17.28 m2 + 13.50 m2 = 30.78 m2പ്ലാസ്റ്ററിംഗ് അധികം രേഖപ്പെടുത്തി

₹250.43/m2 നിരക്കിൽ ₹7708.24 അധികം നല്കി.

### 4. <u>പെയിന്റ് ചെയ്തതിന്റെ അളവ് അധികമായി രേഖപ്പെടുത്തി.</u>

അധികമായി രേഖപ്പെടുത്തിയ 30.78 m2പ്ലാസ്റ്ററിംഗിനു പുറമേ അളവു ബുക്ക് ഇനം 25 ആയി പെയിന്റിംഗ് നടത്തിയതിന് ₹139.08/m2പ്രകാരം ₹4280.88 അധികം നല്കി.

### 5. <u>കോൺക്രീറ്റ് ജനൽ ചട്ടങ്ങളിൽ കമ്പി അഴികൾ ഇട്ടതായി രേഖപ്പെടുത്തി.</u>

ഇനം നമ്പർ 21-ൽ തടി കൊണ്ട് നിർമ്മിച്ച ജനൽ ചട്ടങ്ങളിൽ കമ്പി അഴികൾ ഇട്ടതായി രേഖപ്പെടുത്തി പണം നല്കിയിട്ടുണ്ട്. എന്നാൽ 5

ജനലുകളും പ്രീ-കാസ്റ്റ് കോൺക്രീറ്റ് നിർമിതമാണ്. കമ്പി അഴികൾ ഇട്ട കോൺക്രീറ്റ് ജനലുകൾ വാങ്ങി സ്ഥാപിച്ചിട്ടുള്ളതിനാൽ ഈയിനത്തിൽ 67.50 കിലോഗ്രാം കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തി ₹162.83/കിലോഗ്രാം നിരക്കിൽ ₹10,991.02 നൽകിയത് അനുവദനീയമല്ല.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 5 ഇനങ്ങളിലുമായി ആകെ അധികം നൽകിയ ₹43907/-അളവുകൾ രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ബിൽ പാസ്സാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/20.12.2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2019-2020 വർഷം പ്രസ്തുത കൗൺസിലിംഗ് ഹാളിന്റെ പൂർത്തീകരണത്തിനായി പ്രോജക്ട് നമ്പർ 781/20 ആയി 25 ലക്ഷം അടങ്കലിൽ ഒരു ബഹു വർഷ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റിലെ ഒന്നാമത്തെ ഇനം 2018-19 സാമ്പത്തിക വർഷം നിർമിച്ച കെട്ടിടത്തിന്റെ ഒരു ഭാഗത്തെ 6.5m X 0.15m X 3.30m അളവിലുള്ള ഭിത്തി പൊളിച്ചു കളയുക എന്നതാണ്. ഗണ്യമായ തുക വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടഭാഗം പൊളിച്ചു കളയേണ്ടി വരുന്നത് വികലമായ പദ്ധതി ആസൂത്രണത്തിന്റെ ഉത്തമ ഉദാഹരണമാണ്. മുൻവർഷത്തെ പ്രോജക്ടിൽ ആവശ്യമായ തുക വകയിരുത്താതിരുന്നതിനാൽ പരിമിതമായ വിഭവം വിനിയോഗിച്ച് ഹാളിനുപകരം ഒരു മുറിയുടെ നിർമ്മാണമാണ് നടന്നത്. തന്മൂലമുള്ള സ്ഥലപരിമിതി മറികടക്കുന്നതിനുവേണ്ടി നിലവിലെ മുറി ഹാളായി വികസിപ്പിക്കുന്നതിനാണ് പ്രസ്തുത ഭിത്തി പൊളിച്ചു കളയുന്നത്. ഇത്തരത്തിൽ വികലമായ പ്രോജക്ട് രൂപീകരണം കർശനമായി ഒഴിവാക്കേണ്ടതാണ്.

## 3-2 വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത്- ഒന്നാം ഡിവിഷൻ എസ് സി ഓൾഡ് ഏജ് ഹോം പൂർത്തീകരണം. ചെയ്യാത്ത ഇനങ്ങൾ അളവുബുക്കിൽ രേഖപ്പെടുത്തി. നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 945/19 |
| അടങ്കൽ | ₹ 7ലക്ഷം |
| അളവു ബുക്ക് നമ്പർ | 597/18-19 |
| ബിൽ നമ്പർ | 138/29.3.19 ₹395507/- |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ |

2016-17 ൽ ₹15 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പൂർത്തികരണമാണ് 2018-19 വർഷം നടത്തിയിരിക്കുന്നത്. 2017-18 ഈ കെട്ടിടത്തിന്റെ നിർമാമത്തിന് തുക വകയിരുത്തിയിരുന്നില്ല. കെട്ടിടം നിലവിൽ ഉപയോഗയോഗ്യമായിട്ടില്ല. വൈദ്യുതി, വെള്ളം മുതലായവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി തയ്യാറാക്കണമെന്ന് 29.01.2018 ലെ സ.ഉ (കൈ) നം. 11/2018 തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിനു വിരുദ്ധമായി ഇലക്ട്രിഫിക്കേഷൻ ഉൾപ്പടെയുള്ള പ്രവൃത്തികൾ ഒഴിവാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. അളവു ബുക്ക് പ്രകാരം പ്രവർത്തി ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്ന ചില ഇനങ്ങൾ യഥാർത്ഥത്തിൽ പ്രവർത്തി നടത്താതെ കരാറുകാരന് പണം നൽകിയതായി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. അളവു ബുക്കിൽ ഇനം 1 ആയി 5 വാതിൽ ഷട്ടറുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 3 എണ്ണം മാത്രം സ്ഥാപിച്ചതായി ബോധ്യപ്പെട്ടു. 1.80 എം$^2$ + 1.75 എം$^2$ = 3.55 എം$^2$ അളവുള്ള 2വാതിൽ പാളികളുടെ വില ₹2352.39/എം$^2$ നിരക്കിൽ ₹8351/- കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇനം 18 ൽ സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചതിന് ₹38625/-നൽകിയിട്ടുണ്ടെങ്കിലും സ്ഥാപിച്ചതായി കാണുന്നില്ല. ഇനം 21 ആയി 1000 ലിറ്റർ വെള്ളം ശേഖരണക്ഷമതയുള്ള ടാങ്ക് സ്ഥാപിച്ചതിന് ₹ 10580/- യും കരാറുകാരന് നൽകിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല. സ്ഥാപിക്കാത്ത ഇനങ്ങൾ അളവു ബുക്കിൽ രേഖപ്പെടുത്തിയതും അളവ് പരിശോധിച്ച ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടാത്തതും ഗുരുതരമായ വീഴ്ചയാണ്. ഈ സംവിധാനങ്ങളുടെ കാര്യക്ഷമതയില്ലായ്മയാണ് ഇത് തെളിയിക്കുന്നത്. സ്ഥാപിക്കാത്ത ഇനങ്ങളുടെ വിലയിനത്തിൽ കരാറുകാരന് 8351 + 38625 + 10580 = ₹57556/- യുടെ ചെലവ് അംഗീകരിക്കുന്നില്ല. അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ്

എൻജിനീയർ, അളവു പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ എന്നിവരിൽ നിന്നും തുല്യമായി ₹57556/- ഈടാക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ ആകെ ചെലവിൽ നിരാകരിച്ച ₹57556/- കിഴിച്ച് ₹337951/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.10/20.12.2019-ന് മറുപടി ലഭിച്ചിട്ടില്ല.

## 3-3 ജി.എച്ച്.എസ്.തങ്കമണി കെട്ടിട നിർമ്മാണം - നടത്താത്ത പ്രവൃത്തിക്ക് തുക നൽകി നഷ്ടം ₹14832/-

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനിയർ |
| പ്രോജക്ട് നമ്പർ | 990/2018-19-RMSA |
| കൺവീനർ | ശ്രീ.കെ.വി.സെബാസ്റ്റ്യൻ |
| അളവു പുസ്തകം | 50/15-16<br>51/15-16 |
| ചെക്ക് നമ്പർ/തുക | 10002917/13.03.2019,<br>₹1624545/- |
| അടങ്കൽ തുക | ₹ 70,00000/- |

ജി.എച്ച്.എസ്.തങ്കമണി കെട്ടിട നിർമ്മാണത്തിനായി 2014-15 വർഷം ആവിഷ്കരിച്ച് നടപ്പിലാക്കിയ ബഹുവർഷ പദ്ധതിയ്ക്കായി തൻവർഷം RMSA ഫണ്ടിൽ നിന്നും ₹1624545/- നൽകിയിട്ടുണ്ട്. എം ബുക്ക് നമ്പർ 51/15-16 പേജ് നം 1 ഇനം നം 16 പ്രകാരം ടോയിലറ്റിന് 4 പി വി സി ഡോർ ഷട്ടറുകൾ സ്ഥാപിച്ചതിന് 5.32 എം2ന് ₹2788/എ2 നിരക്കിൽ ₹ 14832.16 നൽകിയിട്ടുണ്ട്. കെട്ടിടം എ.ഇ യുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചപ്പോൾ ഈ പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കാത്ത പ്രസ്തുത പ്രവൃത്തിക്കായി ₹14832/- നൽകിയിട്ടുണ്ട് (5.32 x 2788 = 14832.16) നടത്താത്ത പ്രവൃത്തിയ്ക്ക് അനുവദിച്ച് നൽകിയ ₹14832-നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ അറ്റകുറ്റപ്പണി -₹24044 അധികം നൽകി.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എക്സി.എൻജിനിയർ |
| പ്രോജക്ട് നമ്പർ. | 89/2018-19 |
| സാങ്കേതികാനുമതി തുക | ₹500000/- |
| കൺവീനർ | ശ്രീ.ജോമി ജോസഫ് |
| അളവു പുസ്തകം | 658/17-18 |
| ബിൽ നമ്പർ,തിയതി,തുക | 186/AEE/1.12.2018,₹488600/- |

വാഴത്തോപ്പ് ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ അറ്റകുറ്റപ്പണി നടത്തുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഗുണഭോക്തൃ സമിതി മുഖേനയാണ് പദ്ധതി നടപ്പാക്കിയത്. ₹488600/-യാണ് ആകെ ചെലവ്. 7.50% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ 1% ആദായനികുതിയും 1%നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. ജി എസ് ടി ഒടുക്കാത്ത സാഹചര്യത്തിൽ 5.50% തുക കൂടി കുറവു ചെയ്തതിനു ശേഷമായിരുന്നു കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. അളവ് ബുക്കിലെ ആകെ പ്രവൃത്തി മൂല്യം തെറ്റായി രേഖപ്പെടുത്തി ഓവർ ഹെഡ് ചാർജ്ജിനത്തിൽ കുറവ് ചെയ്യേണ്ട തുക 5.50% തുക കുറവ് ചെയ്യാതെ കൺവീനർക്ക് അധികം തുക നൽകിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് ബുക്ക് പ്രകാരം നൽകിയ തുക ₹ | അളവ് ബുക്കിലെ യഥാർത്ഥ മൂല്യം₹ | അധികം നൽകിയ തുക |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 488600 | 491072.78 | |

| | | | |
|---|---|---|---|
| കുറക്കുക-5.50% ഓവർ ഹെഡ് ചാർജ്ജ് | - | 27009 | |
| കുറക്കുക -1% ആദായനികുതി | 4886 | 4640 | ₹246/ |
| കുറക്കുക -1% നിർമാണ തൊഴിലാളി ക്ഷേമനിധി | 4886 | 4640 | ₹246/ |
| | 478828 | 454783.78 | ₹24044/- |

കൺവീനർക്ക് അധികം നൽകിയ ₹24044/-അധികമായി ഒടുക്കിയ ആദായനികുതി ₹246/-നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ₹246/- എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 മുരിക്കാശേരി പകൽവീട് നിർമാണം-സാമ്പത്തിക അച്ചടക്കം പാലിക്കാതെയുള്ള ധനവിനിയോഗം



വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ പടമുഖത്ത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്നേഹമന്ദിരം എന്ന മാനസിക ആരോഗ്യകേന്ദ്രത്തിന്റെ പരിസരത്ത് പകൽവീട് (351/19) നിർമ്മിക്കുന്നതിനാണ് അസി.എക്സി. എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വിഭാവനം ചെയ്തത്.

പ്രോജക്ടിന്റെ നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക | ബിൽ വിവരങ്ങൾ | അഭിപ്രായം |
|---|---|---|---|---|
| 1 | സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കൽ | ₹75,000 | 257/24.11.18 | |
| 2 | പൈലിംഗ് | ₹21,75,000 | 160/5.4.19<br>(ക്യൂ ബിൽ) | 21.3.2019-ൽ സമർപ്പിച്ചു. |
| 3 | പൈലിംഗ് | ₹20,81,343 | 328/29.7.19 | 2019-2020<br>വർഷത്തെ ചെലവ് |
| | ആകെ | ₹43,31,343 | | |

ഈ പ്രോജക്ടിന്റെ രൂപീകരണത്തിലും നിർവഹണത്തിലും സംഭവിച്ച അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വി.സി. രാജു, വടയ്ക്കാട്ടുപുറത്ത് എന്ന സ്വകാര്യ വ്യക്തി ജില്ലാ പഞ്ചായത്തിനു വിട്ടുനൽകിയ 20 സെന്റ് സ്ഥലമാണ് കെട്ടിടനിർമാണത്തിന് തെരഞ്ഞെടുത്തത്. വാത്തിക്കുടി വില്ലേജിലെ സർവ്വേ നം.1/1-ൽ ഉൾപ്പെട്ട സ്ഥലം പ്രധാന റോഡിൽ നിന്നും ഏകദേശം 500 മീറ്റർ ഉള്ളിലായാണ് സ്ഥിതി ചെയ്യുന്നത്. ഈ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്നേഹമന്ദിരം എന്ന സ്ഥാപനത്തിൽ വൃദ്ധർ, വികലാംഗർ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവരെ പാർപ്പിച്ചു വരുന്നുണ്ട്. ഈ സ്ഥാപനത്തോടു ചേർന്ന സ്ഥലത്താണ് ജില്ലാ പഞ്ചായത്ത് കെട്ടിടം പണിയുന്നത്. പൊതു ജനങ്ങൾക്ക് സ്വതന്ത്രമായി ഉള്ളിൽ പ്രവേശിക്കുവാൻ സാധ്യമാകാത്ത വിധം മതിൽക്കെട്ടിന്റെയുള്ളിലാണ് കെട്ടിടവും പഞ്ചായത്തിന് വിട്ടു നൽകിയ സ്ഥലവും. കെട്ടിടം നിർമിക്കുന്നതിന് ലഭിച്ച സ്ഥലത്തിന്റെ കിഴക്കും തെക്കും അതിരുകൾ സ്നേഹമന്ദിരം വക സ്ഥലവും വടക്ക് തോടും പടിഞ്ഞാറ് ചുണ്ടൻകുഴിയിൽ ടോമിയുടെ സ്ഥലവുമാണ്. വസ്തുവിലേക്ക് എത്തുന്നതിനുള്ള വഴിയുടെ ഉടമസ്ഥതയും ഉപയോഗ അവകാശവും സംബന്ധിച്ച യാതൊരു വിവരവും ആധാരത്തിൽ പരാമർശിക്കുന്നില്ല.

പകൽ വീട് നിർമിക്കുന്ന പക്ഷം ഗുണഭോക്താക്കൾക്ക് എത്തിച്ചേരുന്നതിനുള്ള വഴിസൗകര്യം നിയമപരമായി ആധാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. മാനസികവെല്ലുവിളി നേരിടുന്ന ആളുകളെ പാർപ്പിക്കുന്ന കെട്ടിടത്തിനോടു ചേർന്ന് പണിഉയർത്താൻ ഉദ്ദേശിക്കുന്ന ബഹുനില മന്ദിരം പകൽവീട് എന്ന സങ്കൽപ്പത്തിനു തന്നെ വിരുദ്ധമാണ്.

2) 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും ) ചട്ടങ്ങളിലെ ചട്ടം 3(3) (1)(എ) അനുസരിച്ച് ജില്ലാപഞ്ചായത്ത് നിർദ്ദിഷ്ട ആവശ്യത്തിന് ഏറ്റെടുക്കുന്ന വസ്തുവിന്റെ അനുയോജ്യതാ സാക്ഷ്യപത്രം ജില്ലാ കളക്ടറിൽനിന്ന് വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ അപ്രകാരമൊരു നടപടി സ്വീകരിക്കാതെയാണ് നിർമാണാനുമതിയിലേക്ക് കടന്നത്.

3) 54.78 ചതുരശ്ര മീറ്റർ നീളത്തിലുള്ള ഒരു കെട്ടിടം നിർമിക്കുവാനും അതിനു ചുറ്റുമുള്ള 10 ചതുരശ്ര മീറ്റർ മുറ്റം ടൈൽ വിരിക്കാനും ലക്ഷ്യമിട്ട് 2015-16-ൽ ആവിഷ്കരിച്ച പ്രോജക്ടാണ് തുടർന്ന് 120 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടവും ₹90 ലക്ഷം അടങ്കലുമായി പരിണമിച്ചിട്ടുള്ളത്. 2015-16-ൽ ആവിഷ്കരിച്ചെങ്കിലും നടപ്പാകാതിരുന്ന പ്രോജക്ട് തുടർന്നുള്ള വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ സാധിക്കാതെ പോകുകയും പ്രത്യേക ഉത്തരവു വഴി വാർഷിക പദ്ധതിയുടെ ഭാഗമാകുകയുമാണ് ചെയ്തത്.₹30 ലക്ഷം 2017-18, 18-19 വർഷങ്ങളിലായി വകയിരുത്തിയതിന് 24.5.2017-ലെ 2(1) നമ്പർ തീരുമാനപ്രകാരം ഭരണാനുമതി ലഭിച്ചു. ഓരോ വർഷവും നിശ്ചിത നിരക്കിൽ വർദ്ധിപ്പിച്ച അടങ്കൽ ഒടുവിൽ ₹90 ലക്ഷം ആയി ജനറൽ കമ്മറ്റിയുടെ 14.6.2018-ലെ 1(2)-ആം നമ്പർ തീരുമാനത്തിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം 120 ച.മി വിസ്തീർണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനു പകരം യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് ഒരു ബഹുനില കെട്ടിടത്തിനുള്ള അസ്തിവാരം തീർക്കുന്ന പണികൾ മാത്രമാണ്. പ്രോജക്ടിൽ പറയും പ്രകാരം പകൽവീട് നിർമ്മിക്കുന്നതിന് വലിയ തോതിൽ പൈലിംഗ് നടത്തേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തിയിട്ടില്ല. താരതമ്യേന ചെറിയ ഒരു കെട്ടിടത്തിന് ₹42.50 ലക്ഷം ചെലവഴിച്ച് 48 പൈൽ തീർത്ത് അസ്തിവാരം ബലപ്പെടുത്തേണ്ട സാഹചര്യം സാങ്കേതിക വിഭാഗം ജീവനക്കാർ പ്രസ്തുത കമ്മിറ്റികളെ ബോധ്യപ്പെടുത്തിയിട്ടില്ല.

4) പ്രസ്തുത കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തൃശ്ശൂർ ഗവ.എൻജിനിയറിംഗ് കോളേജ് മുഖേന പരിശോധിച്ചതിന് ₹ 75000/- ചെലവഴിച്ചിട്ടുണ്ട്. കേവലം 120 ചതുരശ്ര അടി വിസ്തീർണത്തിൽ വൃദ്ധരുടെ പകൽവീടായി നിർമിക്കാൻ ലക്ഷ്യമിട്ട ഒരു സാധാരണ കെട്ടിടത്തിന്റെ രൂപരേഖയ്ക്ക് ഇത്രയും ചെലവേറിയ വിദഗ്ധ പരിശോധന ആവശ്യമില്ലെന്നും ₹90 ലക്ഷം-യുടെ അടങ്കൽ വേണ്ടി വരില്ലെന്നും സാമാന്യ യുക്തികൊണ്ടു തന്നെ മനസ്സിലാക്കാവുന്നതാണ്. ആകയാൽ പകൽവീടിന്റെ മറവിൽ ബഹുനില കെട്ടിടം നിർമിക്കുവാൻ ബോധപൂർവ്വം പദ്ധതിയിട്ടുവെന്നാണ് വ്യക്തമാകുന്നത്.

5) പൈലിംഗ് നടത്തുന്നതിനു മുമ്പായി മണ്ണിന്റെ ഘടന പരിശോധിക്കേണ്ടിയിരുന്നതും സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തുന്ന പക്ഷം പകൽവീട് നിർമിക്കുന്നതിന് യോജിച്ച മറ്റൊരു സ്ഥലം കണ്ടെത്തേണ്ടതുമായിരുന്നു. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല. സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്നേഹമന്ദിരത്തിന് പൊതുപണം ഉപയോഗിച്ച് കെട്ടിടം പണിതു നൽകുന്നതിനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായാണ് പ്രസ്തുത നടപടിക്രമം പാലിക്കാതിരുന്നതെന്ന് വ്യക്തമാണ്.

6) പ്രോജക്ടിനായി വകയിരുത്തിയ ₹ 90,00,000/-യിൽ ₹42,00,000/-യും പൈൽ ക്യാപ് നിർമ്മാണത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. 48 പൈലുകളാണ് സ്ഥാപിച്ചത്. ഇതിനു മുകളിലായി 48 കോൺക്രീറ്റ് പില്ലറുകൾ നിർമിച്ച് കെട്ടിടം പൂർത്തീകരിക്കുന്നതിന് ഇനിയും കോടിക്കണക്കിനു രൂപ മുടക്കേണ്ടി വരുമെന്ന് വ്യക്തമാണ്. ഇതേ സ്ഥലത്തിന് തൊട്ടടുത്തായി സ്നേഹമന്ദിരം സ്വന്തം ചെലവിൽ നിർമ്മിക്കുന്ന രണ്ടുനില കെട്ടിടത്തിന് മേൽ പരാമർശിച്ച രീതിയിൽ പൈലിംഗ് നടത്തിയിട്ടില്ല. 120 m2 ചുറ്റളവുള്ള കെട്ടിടമല്ല മറിച്ച് സ്വകാര്യ വ്യക്തിക്കു വേണ്ടി ബഹുനില മന്ദിരമാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നാണ് മനസ്സിലാകുന്നത്.

7) ജില്ലാ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 23.3.2019-ലെ തീരുമാനം നമ്പർ 33(1) പ്രകാരം പൈൽ ക്യാപ്പിനും അതിനാവശ്യമായ മണ്ണ് പണിക്കും മാത്രമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്കരിച്ചാണ് തൻവർഷം തുക നൽകിയത്. പ്രാരംഭമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ മറവിൽ ബഹുനില കെട്ടിടത്തിന്റെ അസ്തിവാരം ശക്തിപ്പെടുത്തുക മാത്രമായിരുന്നു ലക്ഷ്യമെന്ന് വ്യക്തമാണ്. 2012-ലെ പരിഷ്കരിച്ച പൊതുമരാമത്ത് മാനുവലിന്റെ സെക്ഷൻ 2302.1, 2301.2 എന്നിവ അനുസരിച്ച് പ്ലംബിംഗ്, വയറിംഗ് ഉൾപ്പടെ പൂർണമായ ഇനങ്ങൾ

ഉൾപ്പെടുത്തി വേണം കെട്ടിടനിർമാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്ന സർക്കാർ നിർദ്ദേശം പാലിക്കാതിരുന്ന നടപടി ഗുരുതരമായ വീഴ്ചയാണ്.

8)സ്നേഹമന്ദിരത്തിലെ അന്തേവാസികളെ കൂടി പ്രതീക്ഷിച്ചാണ് കെട്ടിടം നിർമിക്കുന്നതെന്നും ഭാവിയിൽ പ്രസ്തുത സ്ഥാപനം വിപുലീകരിക്കുന്ന പക്ഷം അവരെക്കൂടി പാർപ്പിക്കാൻ ലക്ഷ്യമിട്ടാണ് കെട്ടിടം നിർമാണത്തിൽ മാറ്റങ്ങൾ വരുത്തിയതെന്നും പഞ്ചായത്ത് അധികൃതർ ഓഡിറ്റ് സമാപനയോഗത്തിൽ അറിയിക്കുകയുണ്ടായി. എന്നാൽ വൃദ്ധരായ വ്യക്തികൾക്ക് പകൽ സമയം ചെലവഴിക്കുവാൻ ഒത്തുചേരുന്നതിന് ലക്ഷ്യമിട്ട് ജില്ലാപഞ്ചായത്ത് നിർമ്മിക്കുന്ന പകൽ വീട് സ്വകാര്യവ്യക്തി പരിപാലിക്കുന്ന അന്തേവാസികളുടെ വാസകേന്ദ്രമെന്ന നിലയിലേക്ക് മാറ്റുവാൻ നിയമം അനുവദിക്കുന്നില്ല. അതിനാൽതന്നെ ഭരണസമിതി രേഖാമൂലം ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടുമില്ല.

കേരളത്തിലെ അനാഥാലയങ്ങളുടെയും മറ്റു ധർമസ്ഥാപനങ്ങളുടെയും നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടെ, സംസ്ഥാന സർക്കാർ ഗ്രാന്റ്, മാനസികരോഗികളുടെ പുനരധിവാസകേന്ദ്രമെന്ന നിലയിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് , ധർമസ്ഥാപനമെന്ന നിലയിൽ വിദേശ ധനസഹായം, തദ്ദേശീയമായ സംഭാവനകൾ തുടങ്ങി വിവിധ സ്രോതസ്സുകളിൽനിന്ന് ലഭിക്കുന്ന വരവുകളിലൂടെ മെച്ചപ്പെട്ട ധനസ്ഥിതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സ്നേഹമന്ദിരമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് മുൻപാകെ പ്രസ്തുത സ്ഥാപനം ഗ്രാന്റിന്റെ അർഹത നിർണയിക്കുന്നതിന് സമർപ്പിക്കുന്ന വരവ്-ചെലവ് കണക്കുകളിൽനിന്ന് വ്യക്തമാണ്. ഇത്തരത്തിൽ സ്വകാര്യവ്യക്തി നടത്തുന്ന സ്ഥാപനത്തിന് പൊതുമുതൽ വിനിയോഗിച്ച് കെട്ടിടം നിർമിച്ചു നൽകേണ്ട ബാധ്യത ജില്ലാ പഞ്ചായത്തിനില്ല.

9) കമ്പോള നിരക്കുകൾ പ്രകാരം കെട്ടിടനിർമാണത്തിന് ബാധകമായ നിരക്ക് ചതുരശ്ര മീറ്ററിന് ₹16500/- മുതൽ ₹33000/- വരെയാണ്. ഇത് അവലംബമാക്കി എല്ലാവിധ ആഡംബര നിർമാണ സാമഗ്രികളും ഉപയോഗിച്ച് സ്വകാര്യ കരാറുകാർ മുഖേന കെട്ടിടം നിർമിച്ചിരുന്നുവെങ്കിൽപോലും ചതുരശ്ര മീറ്ററിന് ₹33000/- നിരക്കിൽ 120ച.മി വിസ്തീർണമുള്ള കെട്ടിടം നിർമിക്കുന്നതിന് പരമാവധി ₹40 ലക്ഷം -യിൽ താഴെ മാത്രമാണ് ആവശ്യമായി വരിക. അതോടൊപ്പം 10 സെന്റ് സ്ഥലം വിപണി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമാണത്തിനായി വാങ്ങിയാൽത്തന്നെ സ്ഥലം വാങ്ങൽ , കെട്ടിടനിർമാണം എന്നിവയുൾപ്പടെ ആകെ പ്രോജക്ട് ചെലവ് 50 ലക്ഷത്തിൽ ഒതുങ്ങുമായിരുന്നുവെന്നിരിക്കെയാണ് സ്വകാര്യവ്യക്തിയുടെ ആസ്തി വികസനത്തിന് ഇതിനോടകം അത്രതന്നെ തുക വിനിയോഗിക്കപ്പെട്ടിട്ടുള്ളത്.

പൊതുമുതൽ കൈകാര്യം ചെയ്യുന്ന വേളയിൽ സ്വകാര്യധനം വിനിയോഗിക്കുന്ന അതേ പക്വതയും വിവേകവും പുലർത്തണമെന്ന കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 40(ബി)-യിൽ വ്യവസ്ഥ ചെയ്യുന്ന സാമ്പത്തിക അച്ചടക്ക തത്വം ലംഘിച്ചാണ് സ്വകാര്യ സ്ഥാപനത്തിന്റെ വികസനത്തിനായി ജില്ലാ പഞ്ചായത്ത് കോടികൾ ചെലവഴിച്ച് കെട്ടിടം നിർമിച്ചു നൽകുന്നത്. സുതാര്യത ഇല്ലാത്തതും പൊതുജനത്തിന് അപ്രാപ്യവുമായ പ്രസ്തുത നിർമ്മിതി ഭാവിയിൽ അന്യാധീനപ്പെടാനും സ്വകാര്യസ്വത്തായി പരിണമിക്കാനുമുള്ള എല്ലാ സാധ്യതകളും നിലനിൽക്കുന്നു. ആകയാൽ പ്രസ്തുത കെട്ടിടനിർമാണത്തിന്റെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

120 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണമുള്ള കെട്ടിടത്തിന് ₹42,50,000/-യുടെ പൈലിംഗ് ആവശ്യമില്ലെന്ന് ഭരണസമിതിയെ ധരിപ്പിക്കേണ്ട നിയമപരമായ ബാധ്യതയുണ്ടായിരുന്ന നിർവഹണ ഉദ്യോഗസ്ഥനായ അസി.എക്സി. എൻജിനിയർ ഭീമമായ പാഴ്ച്ചെലവിനു വഴിവെച്ച ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്കരിച്ച് പ്രവൃത്തി നടപ്പാക്കുകയാണ് ചെയ്തത്. ഇത്തരം ഇനങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ എക്സി. എൻജിനിയറും പദ്ധതിയുടെ അപാകതകൾ ചൂണ്ടിക്കാണിച്ചിട്ടില്ല. ഈ ഉദ്യോഗസ്ഥർക്കു പുറമെ, അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ മറവിൽ സ്വകാര്യ വ്യക്തിയുടെ ആസ്തി വികസനത്തിന് മുൻകൈയെടുത്ത ഭരണസമിതി, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി, പ്രോജക്ടുകളുടെ നിർഹണം വിലയിരുത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവയ്ക്കും പ്രസ്തുത പാഴ്ച്ചെലവിൽ തുല്യ ബാധ്യതയുണ്ട്. ഈ പ്രോജക്ടിനുവേണ്ടി നാളിതുവരെ ₹43,31,343/- ചെലഴിച്ചിട്ടുണ്ട്. ഇതിൽ 2018-19 ലെ ₹75000/-യുടെ ചെലവ് നിരാകരിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥനായ അസി.എക്സി.എൻജിനിയറിൽ നിന്ന് തുക ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.19/20.12.2019 – ന് മറുപടി ലഭ്യമായിട്ടില്ല.

## 3-6 പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ്

## അനുവദിച്ചു-ടെണ്ടർ നടപടികൾ ഒഴിവാക്കി ടാറിംഗ് പ്രവൃത്തി കോൺക്രീറ്റിംഗായി മാറ്റി.

മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ തന്നെ പൂർത്തീകരിക്കേണ്ട തീയതി വ്യക്തമാക്കേണ്ടതുണ്ട്. പ്രസ്തുത തീയതികളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിശ്ചിത നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. നിയമ പ്രകാരമുള്ള പിഴ ഈടാക്കാതെ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷം ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റിംഗ് നടത്തിയ പല പ്രവൃത്തികളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1) പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു.

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012-നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ 5, 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും സ്ഥലമേറ്റു വാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർതുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

തൻവർഷം ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഏതാനും പ്രവൃത്തികളിൽ തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയിരിക്കുകയാണ്. കാലയളവ് ദീർഘിപ്പിച്ചു നൽകുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ നീട്ടി നല്കിയതിന്റെ രേഖകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ ബിൽ നമ്പർ/ തുക | കരാറുകാരൻ/ എം.ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | പിഴ കൂടാതെ പൂർത്തീകരിക്കേണ്ട തീയതി/ പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക്/ തുക |
|---|---|---|---|---|---|
| പന്നിമറ്റം ചെപ്പുകുളം റോഡ് റീടാറിംഗ് 730/19 86/05-04-19 ₹692461/- | എം.കെ. സെബാസ്റ്റ്യൻ 320/17-18 | 189/T/EE/ LSGD/IDK/ 17-18/ 02-11-17 6 മാസം | 718861 | 28-06-18/ 28.01.19 | 29-06-18- 1%-7189 29-09-18- 2%-14377 29-12-182%-14377 ആകെ– ₹35943 |
| ചെളിക്കൽ കുമ്പങ്കാനം റോഡ് റീടാറിംഗ് 733/19 581/22-03-19 ₹884690/- | എം.കെ. സെബാസ്റ്റ്യൻ 1014/18-19 | 282/T/EE/ LSGD/IDK/ 17-18/ 29-12-17 3 മാസം | 884690.41 | 15-05-18/ 18.01.19 | 16-05-18- 1%-8847 16-08-18- 2%-17694 |

| | | | | | |
|---|---|---|---|---|---|
| | | | | | 16-11-18-<br>2%-17694<br>ആകെ-<br>₹44235 |
| പടമുഖം കള്ളിപ്പാറ റോഡ് ടാറിംഗ് 561/19<br>458/08-03-19<br>₹994779/- | രതീഷ് മോൻ പി.എം.<br>680/17-18 | 505/T/EE/<br>LSGD/IDK/<br>17-18/<br>31-03-18<br>3 മാസം | 997122 | 06-08-18/<br>22.02.19 | 07-08-18-<br>1% -9971<br>07-11-18-<br>2%-19942<br>07-02-19-<br>2%-19942<br>ആകെ-<br>₹49855 |
| | | | | ഒട്ടാകെ | ₹130033/- |

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. യുക്തമായ കാരണങ്ങൾ ഇല്ലാതെ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 32-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യേഗസ്ഥനെന്ന നിലയിൽ എക്സി.എഞ്ചിനീയറുടെ വീഴ്ചയാണ്. ജില്ലാ പഞ്ചായത്തിനുണ്ടായ ₹130033/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ എക്സി. എഞ്ചിനീയറിൽ നിന്ന് ₹130033/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 2)ടെണ്ടർ നടപടികൾ ഒഴിവാക്കി ടാറിംഗ് പ്രവർത്തി കോൺക്രീറ്റിംഗായി മാറ്റി.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്ന് റോഡ് ടാറിംഗ് പ്രവർത്തികളും പണി പൂർത്തീകരിക്കേണ്ട കാലയളവിന് ഏകദേശം 6 മാസത്തിനു ശേഷം കോൺക്രീറ്റിംഗ് ആക്കി മാറ്റി നടപ്പാക്കുകയാണ് ചെയ്തത്. പ്രവൃത്തിയുടെ സ്വഭാവം ആകെ മാറിയ സാഹചര്യത്തിൽ ആദ്യ കരാർ റദ്ദു ചെയ്ത് റീടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നടപ്പാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | വേല പൂർത്തിയാക്കേണ്ട തിയതി | കോൺക്രീറ്റിംഗ് തുടങ്ങിയ തിയതി | പൂർത്തീകരിച്ച തിയതി | തുക | ബിൽ നം./ തിയതി |
|---|---|---|---|---|---|
| പന്നിമറ്റം ചെപ്പുകുളം റോഡ് റീടാറിംഗ് | 28-06-2018 | 08-11-2018 | 28.01.19 | 952308 | 45/16.05.2018 |
| ചെളിക്കൽ-കുമ്പങ്കാനം റോഡ് റീടാറിംഗ് | 15-05-2018 | 08-11-2018 | 18.01.19 | 884690 | 581/22.03.2019 |
| പടമുഖം കള്ളിപ്പാറ റോഡ് ടാറിംഗ് | 06-08-2018 | 09-01-2019 | 22.02.19 | 994779 | 458/01.03.2019 |

പ്രളയത്തെ തുടർന്നുണ്ടായ പ്രത്യേക സാഹചര്യം പരിഗണിച്ച് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികൾ ഒഴിവാക്കിയതെന്ന് പറയുന്നു. 2018 ആഗസ്റ്റ് 14,15 തീയതികളിലാണ് ജില്ലയിൽ പ്രളയക്കെടുതി ഉണ്ടായത്. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി

കൃത്യമായി തുടങ്ങിയിരുന്നെങ്കിൽ പ്രളയത്തിന് മുമ്പ് തന്നെ പണികൾ പൂർത്തിയാകുമായിരുന്നുവെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. എന്നാൽ പ്രളയത്തിന് ശേഷം അക്കാരണം ചൂണ്ടിക്കാട്ടി ടാറിംഗ് പ്രവർത്തി ഒഴിവാക്കി കോൺക്രീറ്റിംഗ് ആക്കി മാറ്റി ടെണ്ടർ നടപടികൾ കൂടാതെ നിലവിലുള്ള കരാറുകാരന് തന്നെ പ്രവൃത്തി അനുവദിക്കുകയാണ് ചെയ്തത്. പദ്ധതി നടത്തിപ്പിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

23-08-2018-ലെ സ.ഉ (സാധാ) 2313/18/തസ്വഭവ അനുസരിച്ചും ഭരണസമിതി തീരുമാന പ്രകാരവും പദ്ധതി നടപ്പാക്കാവുന്നതാണെന്ന അസി.എക്സി.എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പാക്കിയത്. പ്രളയം മൂലം തകർന്ന റോഡുകളുടെ പുനർ നിർമ്മാണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നത്. പദ്ധതി തുടങ്ങുകപോലും ചെയ്യാത്ത സാഹചര്യത്തിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടി ഒഴിവാക്കിയതിനെ ന്യായീകരിക്കുവാൻ കഴിയില്ല. ടെണ്ടർ നടപടികൾ സ്വീകരിച്ച് മത്സരം ഉറപ്പാക്കി പഞ്ചായത്തിന് അനുകൂലമായ രീതിയിൽ പദ്ധതി നടപ്പാക്കാതെയും സുതാര്യത ഉറപ്പാക്കാതെയും ഏകപക്ഷീയമായി ഒരു വ്യക്തിക്ക് പ്രവർത്തി നടത്തിപ്പ് അനുവദിക്കുന്ന സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. അപാകതകളുടെ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 3 പ്രവൃത്തികൾക്കായുള്ള ₹27,01,744/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.06.2019-27.06.2019 | കെ.എസ്.എ-ഐ.ഡി.കെ-3/256/2019 തീയതി.31.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ (സാധാ) | 267225000 | 80167500 | 23802185 | - | 56365315 |

| | | | | | | |
|---|---|---|---|---|---|---|
| | 2809/11/ ത.സ്വ.ഭ.വ തി.4.10.2011 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹53659425 |
| തൻവർഷം നിക്ഷേപിച്ച തുക | ₹44300000 |
| ആകെ | ₹97959425 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ₹64671668 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹33287757 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക ₹ |
|---|---|
| യു.ബി.ഐ-346703350000009 | ₹10000000 |
| യു.ബി.ഐ-346703350000010 | ₹4065000 |
| UBI, ചെറുതോണി – സർട്ടിഫിക്കറ്റ് നം. 346703350000001 | ₹685000 |
| യു.ബി.ഐ-346703350000014 | ₹7215000 |
| യു.ബി.ഐ-346703350000015 | ₹5000000 |
| യു.ബി.ഐ-346703030060978 | ₹6322757 |
| ആകെ | ₹33287757 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999-2000 | (1) | സാനിട്ടറി കക്കൂസ് നിർമ്മാണം – അധിക സബ്സിഡി നൽകിയത് | ലഭ്യമല്ല |
| | | | (2) | ഇൻഡസ്ട്രിയൽ എസ്റ്റേസ്റ്റ് – ഹൈറേഞ്ച് ചാരിറ്റബിൾ സെസൈറ്റിക്കായി നൽകിയ 4.20 ലക്ഷം രൂപയുടെ ക്രമരഹിത വിനിയോഗം | ലഭ്യമല്ല |
| | | | (3) | കാലിതീറ്റ ഫാക്ടറി – സ്ഥലത്തിന് അധികവില നൽകിയത് | ലഭ്യമല്ല |
| 1999-2000 | 42 | 2002-03 VII.6.13(i) | ലൈബ്രറി കെട്ടിട നിർമ്മാണം- ലൈബ്രറികൾക്കുള്ള ധനസഹായം വിനിയോഗിക്കാതെ കൈയ്യിൽ സൂക്ഷിച്ചു | | ലഭ്യമല്ല |
| 1999-2000 | 44 | 2002-03 | മണ്ണിര കമ്പോസ്റ്റ് പദ്ധതി – അനധികൃതമായി | | ലഭ്യമല്ല |

| | | | | |
|---|---|---|---|---|
| | | VII.6.13(ii) | തുക പിൻവലിച്ചു. | |
| 1999-2000 | 46 | 2002-03<br>VII.6.13(iii) | സംഘത്തിന് അനധികൃതമായി ധനസഹായം നൽകി | ലഭ്യമല്ല |
| 1999-2000 | | 2002-03<br>VII.6.13(iv) | സ്വാശ്രയ സംഘങ്ങൾക്ക് നിയമവിരുദ്ധമായി പ്രവർത്തന മൂലധനം അനുവദിച്ചു- ₹529000/- | ലഭ്യമല്ല |
| 1999-2000 | | 2002-03<br>VII.6.13(v) | ധനസഹായം പണമായി അനുവദിച്ചത് അംഗീകരിക്കുന്നില്ല – ₹386000/- | ലഭ്യമല്ല |
| 2000-01 | 3-27 | 2004-05 | മെഡിക്കൽ കോളജ് –പദ്ധതി പണം ദുർവിനിയോഗം ചെയ്തു | ലഭ്യമല്ല |
| 2000-01 | 48(4) | 2004-05 | സ്വശ്രയ വനിത സംഘത്തിന് ധനസഹായം – ക്രമക്കേടുകൾ | ലഭ്യമല്ല |
| 2001-02 | 40<br>(എ,ബി) | 2004-05 | വിദ്യാഭ്യസ മേഖല – ജനകീയാസൂത്രണ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ | ലഭ്യമല്ല |
| 2005-06 | 3-9 | 2007-08 | മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാത്തതിനാൽ ₹3,47,884/-യുടെ നഷ്ടം | ലഭ്യമല്ല |
| 2006-07 | 3-13 | 2009-10 | മരാമത്ത് പണിക്കായി പദ്ധതിവിഹിതം മുൻകൂർ പിൻവലിച്ചത് –<br>പണി പൂർത്തിയാക്കാത്തത് | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2012-13 | ജില്ലാ കൃഷിഫാം, അരിക്കുഴ – കൃഷിഫാമുകളും കാർഷിക അഭിവൃദ്ധിയും | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2013-14 | വികേന്ദ്രീകൃതാസൂത്രണം –<br>വ്യവസായ തൊഴിൽ സംരംഭങ്ങൾ | ലഭ്യമല്ല |
| പ്രവർത്തനക്ഷമത റിപ്പോർട്ട് | - | 2014-15 | കോലാനി പന്നിവളർത്തൽ കേന്ദ്രം,<br>ജില്ല പൗൾട്രി ഫാം കോലാനി –<br>മൃഗസംരക്ഷണ-ക്ഷീരവികസന മേഖല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക് സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ചേർത്തിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| ഇല്ല | | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | ചേർത്തി ട്ടുണ്ടോ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 27, 28 | V K Vasudevan, Secretary, Vanitha Commission | LF. 21760/ SC2/02 Dt. 30.06.03/ 2.08.03 | 62704 | | | | | | | 62704 | |
| 2 | 1998-99 | 33 | S Murukan Asari, Manager, Dist. Industrial Centre | LF. 21760/ SC2/02 Dt.01.11.03 | 13558 | | | | | | | 13558 | |
| | 1999-00 | 24 | Mary Cyriac, President, Dist.Panchayath | LF.16332/ Spl.Cell (SC2)/2004. Dt.30.05.05/ 13.07.05 | 1837 | | | | | | | 1837 | |
| | 2000-01 | 41 (Part) | K J James | LF.245/ Spl.Cell (SC2)/ 2006(1) . Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 41 (Part) | M K Poulose | LF.245/ Spl.Cell (SC2)/06(ii) Dt.29.09.08 | 7105 | | | | | | | 7105 | |
| | 2000-01 | 32, 36(A), 36(B) | P C Chacko, Puthenpurackal, Thiruvanchoor. Asst.Engineer | LF.245/ Spl.Cell (SC2)/2006 Dt.25.01.2008 | 11136 | | | | | | | 11136 | |
| | 2000-01 | 21, 27 | Smt Mary Cyriac, Perumana, Kattappana | LF.245/Spl. Cell (SC2)/2006 Dt.5.4.2014 | 61961 | | | | | | | 61961 | |
| | 2002-03 | 7 | T K Sivadasan, Asst.Ex.Engineer, PIP Sub Divn Chengannur | LF.11905/Spl. Cell (Sc.2)/06(1) Dt.26.11.07 | 5000 | | | | | | | 5000 | |
| | 2002-03 | 20 (Part) | Dr. A Thankappan, Civil Surgeon | LF.11905/ Sp.Cell (Sc.2)/06 Dt.26.11.07 | 3531 | | | | | | | 3531 | |
| | 2002-03 | 13, 16,17 | C Chelladurai, Exe. Engineer(Rtd) | LF.11905/ Spl.Cell (Sc.2)/06(2) Dt.26.11.07 | 30515 | | | | | | | 30515 | |
| | 2002-03 | 14(2), 14(3) | P C Chacko, Asst.Engineer | LF.11905/ Spl.Cell (Sc.2)/06(2) Dt.11.11.08 | 11000 | | | | | | | 11000 | |
| | 2004-05 | 3-11 (ഭാഗികം) | ആർ. വിശ്വംഭരൻ | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 13880 | | | | | | | 13880 | |
| | 2004-05 | 3-17 | എം. മോഹൻകുമാർ | LF.18102/ Spl.Cell/ SC2/09 Dt.16.06.11 | 9575 | | | | | | | 9575 | |
| | 2004-05 | 3-22 | K B Sankaran Kuppananickal, Methotty P O | LF.18102/ Spl.Cell/ SC2/09 Dt.27.07.10 | 20873 | | | | | | | 20873 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 2006-07 | 3-1, 3-6, 3-10 | എം. മോഹൻകുമാർ | LF.18706/ Spl.Cell/ CSC/C1/11 Dt.21.02.14 | 84883 | | | | | | | 84883 | |
| | 2006-07 | 08/03/18 | P K Jacob, Parambil House, Thodupuzha | LF.18706/ Spl.Cell/ CSC/C1/11 Dt.06.03.15 | 35977 | | | | | | | 35977 | |
| | 2008-09 | 3-20 (part) | P Reji- Asst. Engineer Theruvaparambil Kottarakkavu P O Mavelikkara | LF.17986/ Spl.Cell / CSC/C1/13 Dt.02.03.16 | 4125 | | | | | | | 4125 | |
| | 2008-09 | 3-21 (part) 3-22 (part) | E Saraswathidevi | LF.17986/ Spl.Cell/ CSC/C1/13 Dt.24.07.17 | 9161 | | | | | | | 9161 | |
| | 2008-09 | 3-21 (part) | T K Jacob, Thachethukudi, Choondy P O | LF.17986/ Spl.Cell/ CSC/C1/13(1) Dt.25.09.17 | 3561 | | | | | | | 3561 | |
| | 2008-09 | 3-32 (part) | K M Ushanandan, Kizhakkel, Thalikulam | LF.17986/ Spl.Cell/ CSC/C1/13(2) Dt.25.09.17 | 5600 | | | | | | | 5600 | |
| | 2012-13 | 3-3, 3-7 | T Sanalkumar, Secretary | LF.15983/ Spl.Cell/ CSC/ C1/15(iii) Dt.19.02.18 | 210000 | | | | | | | 210000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 768713835 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 779948096 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 345372 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 176569233 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43907 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ,- ₹14636/-<br>ശ്രീ. ഉഷാനന്ദൻ, കെ.എം, എ.എക്സ്.ഇ- ₹14636/-,<br>ശ്രീ. ഋഷിശൃംഗൻ, എ. ഇ-₹14635/- |
| | | | |

| | | | |
|---|---|---|---|
| 3-2 | | 57556 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ-₹19186<br>ശ്രീ ജയശങ്കർ ജെ, എ.എക്സ്.ഇ-₹19185<br>ശ്രീ ചന്തു സി, എ ഇ-₹19185 |
| 3-3 | | 14832 | ശ്രീമതി. ആൻസി കെ കുര്യൻ , എ.എക്സ്.ഇ |
| 3-4 | | 24044 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 3-5 | | 75000 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 3-6 | | 130033 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ-₹94090/-<br>ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ,-₹35943/- |
| | ആകെ | 345372 | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1355116 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-15 | 1299265 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-16(2) | 2158740 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ,<br>ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-16(3) | 996394 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ,<br>ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-16(4) | 848268 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ |
| 1-16(7) | 1289168 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-17(1) | 1941704 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ,<br>ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-17(2) | 878311 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ, |
| 1-17(3) | 899780 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ, |
| 1-18(2) | 1754694 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-18(3) | 1655373 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 1-19 | 1295216 | ഡോ. ജയസന്ധ്യ, മെഡിക്കൽ ഓഫീസർ |
| 1-20 | 18200000 | ശ്രീ.എം.കെ.റഷീദ്, സെക്രട്ടറി |
| 1-21 | 251719 | ശ്രീ.എം.കെ.റഷീദ്, സെക്രട്ടറി |
| 1-22 | 138775604 | ശ്രീ. പി സുരേന്ദ്രൻ, പ്രോജക്ട് ഡയറക്ടർ, പി.എ.യു |

| | | |
|---|---|---|
| 3-2 | 337951 | ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| 3-6 | 2571930 | ശ്രീമതി. ജെസി ഇ.എസ്, ഇ.ഇ,<br>ശ്രീമതി. ആൻസി കെ കുര്യൻ, എ.എക്സ്.ഇ |
| **ആകെ** | 176509233 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-4 | ₹246 - ആദായനികുതി<br>₹246 – നിർമ്മാണ തൊഴിലാളി ക്ഷേമനിധി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-5 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റഷീദ് എം കെ<br>സെക്രട്ടറി | സെക്രട്ടറി<br>ഇടുക്കി ജില്ലാപഞ്ചായത്ത് | മഞ്ഞുമറ്റത്തിൽ<br>മുളപ്പുറം പി ഒ, തൊടുപുഴ |
| ശ്രീമതി. ആൻസി കെ കുര്യൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇടുക്കി ജില്ല പഞ്ചായത്ത് | മാവേലിപുത്തൻപുരയിൽ,<br>കരിങ്കുന്നം, തൊടുപുഴ |
| ശ്രീമതി. ജെസി ഇ. എസ്,<br>എക്സിക്യൂട്ടീവ് എഞ്ചിനിയർ | റിട്ടയർ ചെയ്തു | PTRRA 403<br>പി ടി റോഡ്, അറയ്ക്കൽ,<br>തൃക്കാക്കര പി.ഒ, ചെമ്പുമുക്ക് |
| ശ്രീ. ആർ സജീഷ്, എക്സിക്യൂട്ടീവ് എഞ്ചിനിയർ | എക്സിക്യൂട്ടീവ് എഞ്ചിനിയർ,<br>ഇടുക്കി ജില്ല പഞ്ചായത്ത് | T C so/1385(a) Lakshmi,<br>അഴീമുഖം ലെയ്ൻ,<br>തലിയാൽ,<br>കരമന പി.ഒ-695002 |
| ശ്രീ കെ എം ഉഷാനന്ദൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ<br>എൽ എസ് ജി ഡി കട്ടപ്പന സബ് ഡിവിഷൻ | കിഴക്കേൽ,<br>കെ.എസ്.ഇ.ബി സബ്സ്റ്റേഷന് എതിർവശം,<br>കട്ടപ്പന |
| ശ്രീ ജയശങ്കർ, അസിസ്റ്റന്റ് | റിട്ടയർ ചെയ്തു | ജയവിഹാർ, |

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | | റ്റി.സി.26/745,91<br>ഊട്ടുകുഴി,<br>തിരുവനന്തപുരം-695001 |
| ശ്രീ ചന്തു സി<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ<br>പി ഡബ്ല്യ ഡി<br>ചിറയൻകീഴ് സെക്ഷൻ | ഡിചെരുവിള,<br>ചിറയൻകീഴ് പിഒ<br>തിരുവനന്തപുരം |
| ശ്രീ ഋഷ്യശൃംഗൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ | വിരമിച്ച | വിപൂരം, പുളിമൂട്, കുളപ്പാട്ട്,<br>തിരുവനന്തപുരം |
| ശ്രീ പി സുരേന്ദ്രൻ<br>പ്രോജക്റ്റ് ഡയറക്ടർ | പ്രോജക്റ്റ് ഡയറക്ടർ<br>ദാരിദ്ര്യ ലഘൂകരണ വിഭാഗം<br>ഇടുക്കി ജില്ലാപഞ്ചായത്ത് | പ്ലാത്തോട്ടം<br>കുളത്തൂർ, ഉച്ചക്കട പി ഒ<br>നെയ്യാറ്റിൻകര |
| ഡോ. ജയസന്ധ്യ,<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ജില്ല<br>ആയുർവ്വേദ ആശുപത്രി,<br>പൈനാവ് | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ ഓഫീസിൽ നിന്നും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടുകളുടെ നമ്പർ | ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 96-97 | LFI-3/55/2001 dt.13.3.2001 | 14 | 17, 18, 19, 20, 21, 22, 23, 24, 25,26, 27, 28, 29, 30 |
| 1997-98 | LFI-3.580/2001 dt.20.11.2001 | 17 | 18, 19, 20, 21, 22, 23,24, 25, 26,29, 44, 46,47, 54, 55, 56, 57, |
| 1998-99 | LFI-3/759/02 dt.7.01.2003 | 23 | 14, 15, 17, 19, 20a2, 20a3,20b, 22, 22b, 23, 24, 25, 27,28, 29, 30, 31,32, 33, 35, 36, 37, 38 |
| 1999-2000 | LFI-4/91/2006 dt.20.03.2006 | 33 | 22, 23, 24, 25, 26, 27, 28, 29, 32, 33,34, 35, 36, 37, 41, 42,43, 45, 46, 47, 48, 49, 50, 51, 52, 53, 54, 56, 57, 58,59, 61, 62 |
| 2000-01 | KSA-IDK-4/987/15 dt.8.10.2015 | 29 | 16, 18, 20, 21, 22, 23, 24, 25, 26, 27,28, 29, 30, 31, 32, 33,36, 37, 38,39, 40, 41, 42, 43, 44, 45, 46, 47, 48 |
| 2001-02 | LFI-4/127/2015 dt.06.02.2015 | 34 | 4, 5, 6, 7, 8, 10, 11, 12,13, 15a, 15b,16, 17, 20,21, 22, 23, 24, 25, 26,27, 28, 29, 30, 31, 32, 33,34, 35,36, 37, 38, 39, 40 |
| 2002-03 | LFI-4/332/08 dt.03.04.2008 | 23 | 3-1, 3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10, 3-11, 3-12,3-13, 3-14(1),3-14(2), 3-14(3), 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, |
| 2003-04 | KSA-IDK-4/ 1473/15 dt.05.02.2016 | 33 | 2-1, 2-2, 3-1, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14,3-15, 3-16,3-17,3-18, 3-19, 3-20,3-21, 3-22, 3-23, 3-25,3-26, 3-27, 3-28, 3-29,3-30, 3-31, 3-32, 3-33, 3-34 |
| 2004-05 | LFI-4/952/2012 | 39 | 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, |

| | | | |
|---|---|---|---|
| | dt.09.08.2012 | | 3-10,<br>3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18,<br>3-19, 3-20, 3-23, 3-24,3-25, 3-26, 3-27, 3-28,<br>3-29, 3-30, 3-31, 3-32,3-33, 3-34, 3-35, 3-36,<br>3-38, 3-39, 3-41, 3-42 |
| 2005-06 | LFI-4/1103/2014 dt.17.10.2014 | 13 | 2-1, 3-1, 3-2, 3-3, 3-4, 3-5,3-6,<br>3-7,3-8, 3-9, 3-10, 3-11,3-12 |
| 2006-07 | LFI-5/302/14 dt.8.04.2014 | 18 | 3-1, 3-2, 3-5, 3-7, 3-8,3-10, 3-11, 3-12,<br>3-13, 3-14, 3-15, 3-16,3-17, 3-18, 3-19,<br>3-21, 3-22, 3-23, |
| 2007-08 | KSA-IDK-4/ 905/15 dt.18.10.2015 | 29 | 3-4, 3-7, 3-8, 3-9, 3-10,3-11, 3-13,3-14, 3-15,<br>3-16, 3-17, 3-18, 3-19,3-20, 3-21, 3-22, 3-23,<br>3-24, 3-25, 3-26b, 3-27, 3-29,3-30, 3-31a,<br>3-31b,3-32, 3-33, 3-34, 3-35 |
| 2008-09 | KSA-IDK-4/1113/12 dt.26.7.13 | 58 | 2-7, 3-1 മുതൽ 3-57 വരെ |
| 2009-10 | KSA-IDK-4/ 534/15 dt.05.10.2015 | 25 | 2-1, 2-2, 2-3, 3-1, 3-3,3-5, 3-6, 3-7, 3-8, 3-9, 3-10,3-11,3-12, 3-14,3-15,3-16, 3-17, 3-18,<br>3-19,3-20, 3-21, 3-22, 3-23,3-24, 3-25 |
| 2010-11 | LFI-4/866/14 dt.09/12/14 | 27 | 1-13, 2-1, 2-2, 2-4, 3-4,3-5, 3-9, 3-10,<br>3-11, 3-12, 3-13, 3-14,3-15, 3-16, 3-17,<br>3-18, 3-19, 3-20, 3-21,3-22, 3-23, 3-24,<br>3-25, 3-26, 3-27, 3-28, 3-29 |
| 2011-12 | KSA-IDK-4/ 1557/16 dt.19.12.2016 | 30 | 3-1, 3-2, 3-3, 3-4, 3-5,3-6, 3-8, 3-9,3-10, 3-11,<br>3-12, 3-15, 3-16, 3-17, 3-18,3-19, 3-20, 3-21,<br>3-22,3-23, 3-24, 3-25,3-27, 3-28, 3-29, 3-31,<br>3-32, 3-33, 3-34, 3-37 |
| 2012-13 | KSA-IDK-4/195/19 dt.22.03.19 | 27 | 2-1(1), 2-1(2), 2-1(3), 2-3,3-1, 3-3, 3-(4), 3-(5),<br>3-6, 3-7, 3-8, 3-9, 3-10(a),3-10(b),3-11, 3-12(a), 3-12(b),3-13, 3-14, 3-15,3-16, 3-18,<br>3-19, 3-20, 3-21, 3-22, 3-23, |
| 2013-14 | KSA-IDK-4/ 48/2017 dt.13.02.19 | 31 | 2-1, 2-2, 3-1, 3-2(1),3-2(2),3-3, 3-4,<br>3-5, 3-6, 3-7, 3-8,3-9,3-10, 3-11,3-12, 3-13,<br>3-14, 3-15, 3-16, 3-17,3-18, 3-19, 3-20, 3-21,<br>3-23, 3-24, 3-25, 3-26,3-27, 3-28, 3-29, 3-30,<br>3-31, 3-32, 3-33, 3-34(1),3-34(2), 3-35, 3-36,<br>3-37(1), 3-37(2), 3-38,3-39, 3-42, 3-43 |
| 2014-15 | KSA-IDK-4/ 723/17 dt.12.12.2018 | 47 | 2-1, 2-1, 2-3(1), 2-3(3),3-1, 3-2, 3-4,3-5, 3-7,3-8, 3-9, 3-11, 3-12, 3-13,<br>3-14, 3-15, 3-16(1),3-16(2), 3-16(3),<br>3-16(4), 3-16(5), 3-17(1),3-17(2), 3-18, 3-19,<br>3-19(1),3-19(2), 3-19(3), 3-19(4),<br>3-19(5), 3-19(6), 3-20, 3-21,3-22, 3-23, 3-24(1), 3-24(2),3-24(3), 3-25(1), 3-25(2),3-26, 3-27, 3-28,3-29, 3-31, 3-33, 3-34 |
| 2015-16 | KSA-IDK-4/ 1454/17 dt.07.11.18 | 23 | 2-1, 2-2, 2-3, 3-2, 3-3,3-4, 3-6(1), 3-6(2),<br>3-6(3),3-7, 3-8,3-9, 3-10, 3-11, 3-12, |

| | | | |
|---|---|---|---|
| | | | 3-14, 3-15, 3-16, 3-17,3-19, 3-20, 3-21, 3-22 |
| 2016-17 | KSA-IDK.4/ 601/18 dt.02.12.2018 | 29 | 2-1, 2-2, 2-4(B), 2-6, 3-2,3-3, 3-4, 3-5, 3-6(2),3-6(3), 3-7, 3-8,3-9(2), 3-9(3), 3-9(4), 3-10,3-11, 3-12, 3-14, 3-15,3-16,3-17, 3-18, 3-19, 3-20,3-21, 3-22, 3-24, 3-25 |
| 2017-18 | KSA-IDK-4/ 219/19 dt.28.03.2019 | | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-ഐ.ഡി.കെ-4/49/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:05.08.2020
PH:04862 227332
Email:doidk.ksad@kerala.gov.in

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലാപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure -1 AUDIT CERTIFICATE

KSA-IDK-4/49/2020

Kerala State Audit Department
District Audit Office, Idukki

Thodupuzha – 685 584

Phone : 04862-227332

E-mail : doidk.ksad@kerala.gov.in
Date. 05.08.2020

Certified that I have audited the Annual Financial Statement of IDUKKI District Panchayat in Idukki Diatrict for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions and the provisions in GO(Rt)1413/2018/LSGD dated 22.05.2018.

In my opinion, the Financial Statements of IDUKKI District Panchayat for the 2018-19, except the observations in my Audit Report, properly presents accurate and complete information on the documents submitted to the audit.

SENIOR DEPUTY DIRECTOR
IDUKKI.